2026
MAY
28
THURSDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# 501 ശതമാനം വളർച്ച നേടി ഖാദി, ഗ്രാമ വ്യവസായ കമ്മീഷൻ




**ന്യൂഡൽഹി:** 2013-14 വർഷവുമായി താരതമ്യപ്പെടുത്തുമ്പോൾ, കഴിഞ്ഞ 12 വർഷത്തിനിടെ വിൽപ്പനയിൽ 501 ശതമാനവും, ഉൽപാദനത്തിൽ 380 ശതമാനവും, തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിൽ 56 ശതമാനവും ശ്രദ്ധേയമായ വളർച്ച ഖാദി, ഗ്രാമ വ്യവസായ കമ്മീഷൻ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ചെയർമാൻ മനോജ് കുമാർ. കേന്ദ്ര സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ മന്ത്രാലയത്തിന് കീഴിലുള്ള ഖാദി, ഗ്രാമ വ്യവസായ കമ്മീഷന്റെ 2025-26 സാമ്പത്തിക വർഷത്തെ താൽക്കാലിക ഡാറ്റ ന്യൂഡൽഹിയിലെ രാജ്ഘട്ടിലെ ഗാന്ധി ദർശനിലുള്ള കെവിഐസിയുടെ ഓഫീസിൽ പുറത്തിറക്കിയ ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം. ഉത്പാദനം, വിൽപ്പന, തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ എന്നീ മേഖലകളിൽ കമ്മീഷൻ പുതിയ റെക്കോർഡുകൾ സ്ഥാപിച്ചതായി അദ്ദേഹം അഭിപ്രായപ്പെട്ടു. മുൻ വർഷങ്ങളിലെ വളർച്ചകൾ എടുത്തുകാണിച്ചുകൊണ്ട്, 2013-14 നെ അപേക്ഷിച്ച് 2024-25 സാമ്പത്തിക വർഷത്തിൽ വിൽപ്പനയിൽ 447 ശതമാനവും ഉൽപ്പാദനത്തിൽ 347 ശതമാനവും വളർച്ചയുണ്ടായതായി അദ്ദേഹം ചൂണ്ടിക്കാട്ടി. അതുപോലെ, 2013-14 നെ അപേക്ഷിച്ച് 2023-24 സാമ്പത്തിക വർഷത്തിൽ വിൽപ്പനയിൽ 400 ശതമാനത്തിന്റെയും ഉൽപാദനത്തിൽ 315 ശതമാനത്തിന്റെയും വളർച്ച രേഖപ്പെടുത്തി. 2013-14 സാമ്പത്തിക വർഷത്തിൽ ഖാദി, ഗ്രാമ വ്യവസായ ഉൽപ്പന്നങ്ങളുടെ ഉത്പാദനം 26,109 കോടി രൂപയിൽ തുടർന്നെങ്കിലും 2025-26 സാമ്പത്തിക വർഷത്തിൽ ഇത് ഏകദേശം അഞ്ച് മടങ്ങ് വർദ്ധിച്ച് 380 ശതമാനം വർധനവ് രേഖപ്പെടുത്തി 1,25,296 കോടി രൂപയിലെത്തി എന്ന് കെവിഐസി ചെയർമാൻ അറിയിച്ചു. കെവിഐസിയുടെ ഈ ശ്രദ്ധേയമായ പ്രകടനം 'വികസിത ഭാരതം @ 2047' എന്ന പ്രതിജ്ഞയെ ത്വരിതപ്പെടുത്തുക മാത്രമല്ല, ലോകത്തെ മുൻനിര സമ്പദ്‌വ്യവസ്ഥയിൽ ഇന്ത്യയെ സ്ഥാനപ്പെടുത്തുന്നതിന് ഗണ്യമായ സംഭാവന നൽകുകയും ചെയ്യുന്നുവെന്ന് ചെയർമാൻ മനോജ് കുമാർ പറഞ്ഞു. 2013-14 സാമ്പത്തിക വർഷത്തിൽ വിൽപ്പന 31,154 കോടി രൂപയായിരുന്നെങ്കിൽ, ഏകദേശം ആറ് മടങ്ങ് വർദ്ധിച്ച് 2025-26 സാമ്പത്തിക വർഷത്തിൽ 501 ശതമാനം അഭൂതപൂർവമായ വളർച്ച രേഖപ്പെടുത്തി 1,87,105 കോടി രൂപയിലെത്തി, ഇതുവരെയുള്ളതിൽ വച്ച് ഏറ്റവും ഉയർന്ന വിൽപ്പന കണക്കാണിത്.

ഖാദി തുണിത്തര മേഖലയിലും ശ്രദ്ധേയമായ പുരോഗതി രേഖപ്പെടുത്തിയിട്ടുണ്ട്. 2013-14 ൽ 811 കോടി രൂപയായിരുന്ന ഉത്പാദനം 2025-26 സാമ്പത്തിക വർഷത്തിൽ 3,974 കോടി രൂപയായി ഉയർന്നു, ഏകദേശം 390 ശതമാനം വർധനവ്. അതേസമയം, വിൽപ്പന 1,081 കോടി രൂപയിൽ നിന്ന് 7,869 കോടി രൂപയിലെത്തി, ഇത് ഏകദേശം 628 ശതമാനം വളർച്ചയെ പ്രതിഫലിപ്പിക്കുന്നു. ഗ്രാമ വ്യവസായ മേഖലയിലും ഗണ്യമായ പുരോഗതി ഉണ്ടായിട്ടുണ്ട്. 2013-14 ൽ ഗ്രാമ വ്യവസായ ഉൽപ്പന്നങ്ങളുടെ ഉൽപാദനം 25,298 കോടി രൂപയായിരുന്നെങ്കിൽ, 2025-26 സാമ്പത്തിക വർഷത്തിൽ ഇത് ഏകദേശം 380 ശതമാനം വർദ്ധനവോടെ 1,21,322 കോടി രൂപയായി വളർന്നു. അതുപോലെ, വിൽപ്പന 30,073 കോടി രൂപയിൽ നിന്ന് ഏകദേശം 496 ശതമാനം വളർച്ചയെ പ്രതിഫലിപ്പിക്കുന്ന 1,79,236 കോടി രൂപയായി വർദ്ധിച്ചു. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിൽ ഗ്രാമ വ്യവസായ മേഖലയും ഗണ്യമായ സംഭാവന നൽകിയിട്ടുണ്ട്. 2013-14 ൽ ഈ മേഖലയിൽ 1.19 കോടി ആളുകൾ ജോലി ചെയ്തിരുന്നുവെങ്കിൽ, 2025-26 സാമ്പത്തിക വർഷത്തിൽ ഇത് ഏകദേശം 1.99 കോടിയായി വർദ്ധിച്ചു.

## പാഴ്സൽ വരുമാന വളർച്ച: കേരള പോസ്റ്റൽ സർക്കിളിന് മൂന്നാം സ്ഥാനം

**തിരുവനന്തപുരം:** 2025-26 സാമ്പത്തിക വർഷത്തിൽ തപാൽ വകുപ്പ് ദേശീയതലത്തിൽ 16 ശതമാനം വരുമാന വളർച്ച രേഖപ്പെടുത്തി. ഈ ദേശീയ മുന്നേറ്റത്തിന്റെ പ്രതിഫലനമെന്നോണം, കേരള പോസ്റ്റൽ സർക്കിൾ വരുമാനത്തിൽ 10 ശതമാനം വളർച്ച കൈവരിച്ചു. ലോക്ക്ഡൗണിന് ശേഷമുള്ള കാലയളവിൽ ഇതാദ്യമായാണ് കേരള സർക്കിൾ രണ്ടക്ക വളർച്ച നേടുന്നത്. 2026-27 സാമ്പത്തിക വർഷത്തിലെ പാഴ്സൽ വരുമാന വളർച്ചയിൽ, 2026 ഏപ്രിലിൽ കേരള സർക്കിൾ ദേശീയതലത്തിൽ മൂന്നാം സ്ഥാനം നേടി. ഉപഭോക്തൃ കേന്ദ്രീകൃതമായ പുതിയ സംരംഭങ്ങളുടെ പരമ്പര ചീഫ് പോസ്റ്റ്മാസ്റ്റർ ജനറൽ പി.എൻ. രഞ്ജിത് കുമാർ കൊച്ചിയിൽ നടത്തിയ വാർത്താ സമ്മേളനത്തിൽ പ്രഖ്യാപിച്ചു. പരിഷ്കരിച്ച മെയിൽ സർവീസ് നെറ്റ്‌വർക്കിനൊപ്പം പാഴ്സൽ പിക്ക്അപ്പ് പോയിന്റുകൾ, ചെടികളും തൈകളും സുരക്ഷിതമായി എത്തിക്കൽ, അതേ ദിവസം തന്നെയുള്ള ഡെലിവറി എന്നിവയുമായി ബന്ധപ്പെട്ട പൈലറ്റ് പദ്ധതികൾക്ക് കേരള സർക്കിൾ തുടക്കം കുറിച്ചതായി അദ്ദേഹം പറഞ്ഞു. പ്രധാന സോർട്ടിംഗ് ഹബ്ബുകളോട് ചേർന്നുള്ള തെരഞ്ഞെടുത്ത ഡെലിവറി ഓഫീസുകളിൽ നിന്ന് ആഴ്ചയിൽ ഏതു ദിവസവും ഏതു സമയത്തും ഉപഭോക്താക്കൾക്ക് ആഭ്യന്തര സ്പീഡ് പോസ്റ്റ് കത്തുകളും പാഴ്സലുകളും കൈപ്പറ്റാൻ സൗകര്യമൊരുക്കുന്ന 'പിക്ക് പോസ്റ്റ് എക്സ്പ്രസ്' പദ്ധതിക്ക് കേരള പോസ്റ്റൽ സർക്കിൾ തുടക്കം കുറിച്ചു. തിരുവനന്തപുരം ഫോർട്ട് ഐ.ഡി.സി. (പിൻ 695023), എറണാകുളം ഹെഡ് പോസ്റ്റ് ഓഫീസ് (പിൻ 682011), കോഴിക്കോട് ഹെഡ് പോസ്റ്റ് ഓഫീസ് (പിൻ 673001) എന്നിവിടങ്ങളിലാണ് ഈ പൈലറ്റ് സർവീസ് ആദ്യമായി അവതരിപ്പിച്ചിരിക്കുന്നത്.

### അറിയിപ്പ്

ബക്രീദ് പ്രമാണിച്ച് ഇന്ന് ഓഫീസ് അവധിയായതിനാൽ നാളെ സൊസൈറ്റി ടുഡേ ഉണ്ടായിരിക്കുന്നതല്ല.

## പട്ടികജാതി ക്ഷേമ പദ്ധതികൾ ഡിജിറ്റലൈസ് ചെയ്യൽ:

# പിഎംഅജയ് പോർട്ടലും അജയ് മൊബൈൽ ആപ്പും പുറത്തിറക്കി

**ന്യൂഡൽഹി:** പേപ്പർ അധിഷ്ഠിത പ്രവർത്തന രീതികളിൽ നിന്നും പ്രൊസസ്സിംഗിൽ നിന്നും തത്സമയ അടിസ്ഥാനത്തിലുള്ള സമഗ്ര ഡിജിറ്റൽ പ്രവർത്തന രീതിയിലേക്കും പ്രൊസസ്സിംഗിലേക്കും മാറുക എന്ന ലക്ഷ്യത്തോടെ, പ്രധാനമന്ത്രി അനുസൂചിത് ജാതി അഭ്യുദയ് യോജന (പിഎംഅജയ്) പദ്ധതി കൂടുതൽ വേഗത്തിൽ നടപ്പിലാക്കുന്നതിനായി രൂപകൽപ്പന ചെയ്ത പിഎം അജയ് പോർട്ടലും, പിഎംഅജയ് മൊബൈൽ ആപ്പും കേന്ദ്ര സാമൂഹിക നീതി, ശാക്തീകരണ മന്ത്രി ഡോ. വീരേന്ദ്ര കുമാർ പുറത്തിറക്കി. കേന്ദ്ര സഹമന്ത്രി ബി.എൽ. വർമ്മ, സാമൂഹിക നീതിശാക്തീകരണ വകുപ്പ് സെക്രട്ടറി സുധാൻഷ് പന്ത്, കേന്ദ്ര സാമൂഹിക നീതി വകുപ്പിലെ മറ്റ് മുതിർന്ന ഉദ്യോഗസ്ഥർ എന്നിവരുടെ സാന്നിധ്യത്തിലാണ് പി.എംഅജയ് പോർട്ടലും അജയ് മൊബൈൽ ആപ്പും പുറത്തിറക്കിയത്. കൂടാതെ, എല്ലാ സംസ്ഥാനങ്ങളിലേയും കേന്ദ്രഭരണ പ്രദേശങ്ങളിലേയും സെക്രട്ടറിമാരും മുതിർന്ന ഉദ്യോഗസ്ഥരും ചടങ്ങിൽ ഓൺലൈനായി പങ്കെടുത്തു.







പട്ടികജാതി വിഭാഗങ്ങളുടെ സാമൂഹികസാമ്പത്തിക വികസനം ലക്ഷ്യമിട്ട് സാമൂഹിക നീതി, ശാക്തീകരണ വകുപ്പ് പി.എംഅജയ് പദ്ധതിക്ക് കീഴിൽ നിരവധി ക്ഷേമ സംരംഭങ്ങൾ നടപ്പിലാക്കുന്നുണ്ട്. പദ്ധതികളുമായി ബന്ധപ്പെട്ട സേവനങ്ങൾ മൊബൈൽ വഴി ലഭ്യമാക്കുക, ഗ്രാമതലത്തിലെ താഴേത്തട്ടിലുള്ള ആസൂത്രണവും നടത്തിപ്പും സുഗമമാക്കുക, ഫീൽഡ് തലത്തിലുള്ള നിരീക്ഷണം മെച്ചപ്പെടുത്തുക, തത്സമയ റിപ്പോർട്ടിംഗ് സുഗമമാക്കുക, സുതാര്യതയും ഡിജിറ്റൽ ഭരണ സംവിധാനവും ശക്തിപ്പെടുത്തുക എന്നിവയാണ് പി.എംഅജയ് മൊബൈൽ ആപ്പ് ലക്ഷ്യമിടുന്നത്. ഫീൽഡ് തലത്തിലുള്ള സർവ്വേകൾ, ഗ്രാമ വികസന പദ്ധതികൾ തയ്യാറാക്കൽ എന്നിവ പോലുള്ള പേപ്പർ അധിഷ്ഠിത പ്രവർത്തന രീതികളിൽ നിന്ന് ഡിജിറ്റൽ പ്ലാറ്റ്ഫോമിലേക്ക് മാറുന്നതിനായുള്ള ഒരു ഏകീകൃത ഡിജിറ്റൽ പ്ലാറ്റ്ഫോമായാണ് പി.എംഅജയ് മൊബൈൽ ആപ്പ് വിഭാവനം ചെയ്യുകയും വികസിപ്പിച്ചെടുക്കുകയും ചെയ്തിട്ടുള്ളത്. നൈപുണ്യ വികസനം, തൊഴിൽ, വിദ്യാഭ്യാസം എന്നിവയുമായി ബന്ധപ്പെട്ട പദ്ധതികൾക്കായി, ഉപഭോക്താക്കൾക്ക് എളുപ്പത്തിൽ ഉപയോഗിക്കാൻ കഴിയുന്ന ഒരു മൊബൈൽ ഇന്റർഫേസിലൂടെ പദ്ധതിയുമായി ബന്ധപ്പെട്ട വിവരങ്ങൾ, നിരീക്ഷണം, റിപ്പോർട്ടിംഗ്, ഗുണഭോക്തൃ കേന്ദ്രീകൃത സേവനങ്ങൾ എന്നിവയിലേക്ക് ഈ ആപ്ലിക്കേഷൻ പ്രവേശനം നൽകുന്നു.

# ഇന്നത്തെ പരിപാടി

## കൊച്ചി

■ **എറണാകുളം സംഗീത തിയറ്റർ :** കൊച്ചി മെട്രോ ഫിലിം സൊസൈറ്റിയും ഇടപ്പള്ളി ചങ്ങമ്പുഴ സാംസ്കാരിക കേന്ദ്രവും ചേർന്ന് സംഘടിപ്പിക്കുന്ന ഇടപ്പള്ളി ചലച്ചിത്രോത്സവം രാവിലെ 10ന് മലവാഴി

■ **ഇടപ്പള്ളി ചങ്ങമ്പുഴ പാർക്ക് :** കൊച്ചി മെട്രോ ഫിലിം സൊസൈറ്റിയും ഇടപ്പള്ളി ചങ്ങമ്പുഴ സാംസ്കാരിക കേന്ദ്രവും ചേർന്ന് സംഘടിപ്പിക്കുന്ന ഇടപ്പള്ളി ചലച്ചിത്രോത്സവം വൈകിട്ട് 5ന് സെമിനാർ സമകാലിക സിനിമയും പ്രതിരോധ രാഷ്ട്രീയവും ഉദ്ഘാടനം സുസ്മേഷ് ചന്ദ്രോത്ത്. രാത്രി 7ന് സിനിമ – പെരുമഴക്കാലം.

■ **കണ്ണൻനായർ സ്മാരക സാംസ്കാരിക കേന്ദ്രം :** ഇടപ്പള്ളി ചലച്ചിത്രോത്സവം – സിനിമാ പ്രദർശനം– റെയിൻകോട്ട്.

■ **ഫോർട്ട്കൊച്ചി ഡേവിഡ് ഹാൾ ആർട്ട് ഗ്യാലറി :** ഇൻഡസ് ആർട്ട് സെന്റർ സംഘടിപ്പിക്കുന്ന എക്കോസ് ഓഫ് ലൂമിനൻസ് ചിത്രപ്രദർശനം രാവിലെ 10ന്.

## കാഞ്ഞിരമറ്റം

■ **കാഞ്ഞിരമറ്റം ശബാബ്നഗർ നഗർ :** ബലി പെരുന്നാൾ നമസ്കാരം രാവിലെ 7.15ന് – അബ്ദുൾ സലാം ഇസ്ലാഹി നമസ്കാരത്തിന് നേതൃത്വം വഹിക്കും.

## മുളന്തുരുത്തി

■ **വെട്ടിക്കൽ സെന്റ്.തോമസ് ദയറായിൽ :** ഇളയ ബാവയുടെ 217മത് ഓർമ്മപെരുന്നാൾ , വൈകിട്ട് 6.30ന് സന്ധ്യ നമസ്കാരം, 7.30ന് അനുസ്മരണ പ്രഭാഷണം.

# ഇന്ത്യയിലെ കാൻസർ ചികിത്സകൾ പ്രാരംഭഘട്ട രോഗനിർണയത്തിലേക്ക് മാറേണ്ടത് അനിവാര്യം

**കൊച്ചി:** പ്രാരംഭ ഘട്ടത്തിലുള്ള രോഗനിർണയത്തിലൂടെ കാൻസർ തിരിച്ചറിയാൻ കഴിഞ്ഞാൽ മികച്ച ചികിത്സ ഫലം ലഭ്യമാക്കാനും രോഗം പൂർണമായി ഭേദമാക്കാനും സാധിക്കുമെന്ന് ഓങ്കോളജിസ്റ്റും മസ്സാചുസെറ്റ്സ് ജനറൽ ഹോസ്പിറ്റൽ ക്ലിനിക്കൽ റിസേർച്ച് ഡയറക്ടറും ഹാർവാഡ് മെഡിക്കൽ സ്കൂൾ പ്രൊഫസറും അമേരിക്കൻ അസോസിയേഷൻ ഫോർ കാൻസർ റിസേർച്ച് പ്രസിഡന്റുമായ ഡോ. കെയ്ത് ടി.ഫൽഹെർടി. ആരോഗ്യസംരക്ഷണവും മുൻകൂട്ടിയുള്ള കാൻസർ നിർണയവും ലക്ഷ്യമിട്ട് വി.പി. എസ് ലേക്ഷോർ ആശുപത്രിയിൽ ആരംഭിച്ച യാത്ര പദ്ധതിയുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. പ്രിസിഷൻ ഓങ്കോളജി, ദീർഘവീക്ഷണത്തോടെയുള്ള ചികിത്സ രീതി എന്നീ മേഖലകളിൽ വലിയ സംഭാവനകൾ നൽകാൻ ഇന്ത്യക്ക് മികച്ച ശേഷിയുണ്ട്. എങ്കിലും ഇന്ത്യയിൽ കണ്ടുവരുന്ന കാൻസറുകളിലെ മോളിക്യൂലാർ ഘടന സംബന്ധിച്ച പഠനങ്ങളിൽ ഇനിയും നിർണായക പുരോഗതി കൈവരിക്കാനുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ചികിത്സ സംവിധാനങ്ങൾക്ക് പുറമെ രോഗപ്രതിരോധം, മുൻകൂട്ടിയുള്ള രോഗനിർണയം എന്നിവയിലും ആരോഗ്യ സ്ഥാപനങ്ങൾ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ടെന്ന് വി.പി. എസ് ലേക്ഷോർ മാനേജിംഗ് ഡയറക്ടർ എസ്.കെ. അബ്ദുള്ള പറഞ്ഞു. ചടങ്ങിൽ പങ്കെടുത്ത ഡോക്ടർമാരുമായി ഡോ. കെയ്ത് കെയ്ത് ടി. ഫൽഹെർടി സംവദിച്ചു. ഹെഡ് ആൻ നെക്ക് ഓങ്കോളജി വിഭാഗം മേധാവി ഡോ. മോനി എബ്രഹാം കുര്യാക്കോസ്, വി.പി.എസ് ലേക്ഷോർ സി.ഇ.ഒ ജയേഷ് വി. നായർ, ഗ്രൂപ്പ് സി.ഒ.ഒ ലക്ഷ്മൺ സേതുരാമൻ തുടങ്ങിയവർ സംസാരിച്ചു.

# ട്രാൻസ്ജെൻഡർമാർക്കും ഭിന്നശേഷിക്കാർക്കും പ്രത്യേക ആധാർ എന്റോൾമെന്റ്, പുതുക്കൽ ക്യാമ്പ്

**കൊച്ചി:** അവശ്യ തിരിച്ചറിയൽ സേവനങ്ങളിലേക്കുള്ള സമഗ്രമായ പ്രവേശനം ഉറപ്പാക്കുന്നതിനായി, കേരള സർക്കിളിന് കീഴിലുള്ള തപാൽ വകുപ്പ് (കൊച്ചി മധ്യ മേഖല), ജില്ലാ സാമൂഹിക നീതി വകുപ്പുമായി സഹകരിച്ച് എറണാകുളത്ത് ട്രാൻസ്ജെൻഡർമാർക്കും ഭിന്നശേഷിക്കാർക്കും വേണ്ടി പ്രത്യേക ആധാർ എന്റോൾമെന്റ്, പുതുക്കൽ ക്യാമ്പ് സംഘടിപ്പിക്കും. ജൂൺ മൂന്നിന് രാവിലെ പത്ത് മണി മുതൽ വൈകീട്ട് നാലു മണി വരെ എറണാകുളത്തുള്ള ട്രാൻസ്ജെൻഡർ ക്രൈസിസ് മാനേജ്മെന്റ് സെന്ററിൽ വെച്ചാണ് ക്യാമ്പ് നടക്കുക.

പുതിയ ആധാർ എന്റോൾമെന്റ്, ജനസംഖ്യാപരമായ അപ്ഡേറ്റുകൾ, ബയോമെട്രിക് അപ്ഡേറ്റുകൾ, നിലവിലെ ആധാർ വിശദാംശങ്ങളിലെ തിരുത്തലുകൾ എന്നിവ ക്യാമ്പിൽ നടക്കും.

# നേവൽ ബേസ് മതിലിൽ കൊച്ചിയുടെ നാവിക ചരിത്രം

**കൊച്ചി:** വില്ലിംഗ്ടൺ ഐലൻഡിലെ വാതുരുത്തി റെയിൽവേ ഗേറ്റ് മുതൽ വെണ്ടുരുത്തി പാലം വരെയുള്ള നേവൽ ബേസ് മതിൽ കൊച്ചിയുടെ നാവിക ചരിത്രം പറയുന്ന തുറന്ന മ്യൂസിയമായി മാറും. പ്രാചീനകാലത്തെ കടൽ മാർഗ്ഗങ്ങൾ മുതൽ ഇന്ത്യൻ നാവിക സേനയുടെ യുദ്ധക്കപ്പലുകൾ വരെയുള്ള രാജ്യത്തിന്റെ സമുദ്ര പാരമ്പര്യം വിളിച്ചോതുന്ന 250 ചുമർ ചിത്രങ്ങളാണ് ഇവിടെ ഒരുങ്ങുന്നത്. പത്ത് മാസത്തിനുള്ളിൽ പൂർത്തിയാക്കാൻ ലക്ഷ്യമിടുന്ന പദ്ധതിയിൽ 17 ചുവർചിത്രങ്ങളുടെ നിർമ്മാണം ഇതിനകം പൂർത്തിയായിട്ടുണ്ട്. പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിനായി ജില്ലാ കളക്ടർ ജി പ്രിയങ്കയുടെ അധ്യക്ഷതയിൽ പ്രത്യേക യോഗം ചേർന്നു. 1.3 കിലോമീറ്റർ നീളമുള്ള മതിലിനോട് ചേർന്നുള്ള നടപ്പാത മോടി പിടിപ്പിക്കുന്നതിനായി ജൂൺ ഒന്നിന് പൊതുമരാമത്ത് വകുപ്പ് (പി.ഡബ്ല്യൂ.ഡി) റോഡ് വിഭാഗത്തിന്റെ നേതൃത്വത്തിൽ സംയുക്ത പരിശോധന നടത്താൻ ജില്ലാ കളക്ടർ നിർദ്ദേശം നൽകി. നടപ്പാതയിൽ ആവശ്യമായ ഇരിപ്പിടങ്ങൾ, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് സംവിധാനം എന്നിവ നിർമ്മിക്കുന്നതിനായുള്ള വിശദമായ എസ്റ്റിമേറ്റ് ഒരാഴ്ചയ്ക്കകം തയ്യാറാക്കി സർക്കാരിന് സമർപ്പിക്കാൻ ജില്ലാ കളക്ടർ ആവശ്യപ്പെട്ടു



*നേവൽ ബേസിന്റെ മതിലിലെ ചുമർചിത്രങ്ങൾ. നടപ്പാത കലാകാരന്റെ ഭാവനയിൽ*

ബെറ്റർ കൊച്ചി റെസ്പോൺസ് ഗ്രൂപ്പ്, റീജിയണൽ സ്പോർട്സ് സെന്റർ, ഇന്ത്യൻ നാവിക സേന എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിലാണ് പദ്ധതി യാഥാർത്ഥ്യമാക്കുന്നത്. നേവൽ ബേസിന്റെ ഉഡാൻ ഗേറ്റ് മുതൽ വേമ്പനാട് ഗേറ്റ് വരെയുള്ള മതിലിൽ പ്രാദേശിക കലാകാരന്മാരാണ് ചുവർ ചിത്രങ്ങൾ വരയ്ക്കുന്നത്. ക്ലൗഡ് ഫിങ്ങിലൂടെ നടപ്പാക്കുന്ന പദ്ധതി ഇന്ത്യയിൽ തന്നെ ഏറ്റവും നീളമേറിയ ചുവർചിത്രമാകുമെന്ന് ഭാരവാഹികൾ അറിയിച്ചു. റിട്ടയേർഡ് വൈസ് അഡ്മിറൽ പ്രേം സുതൻ ചെയർമാനായുള്ള സമിതിയാണ് പദ്ധതിക്ക് മേൽനോട്ടം വഹിക്കുന്നത്. ബെറ്റർ കൊച്ചി റെസ്പോൺസ് ഗ്രൂപ്പ് പ്രസിഡന്റ് എസ്. ഗോപകുമാർ, എക്സിക്യൂട്ടീവ് മെമ്പർ ടി ബി വേണുഗോപാൽ, ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

# അമൃത ആശുപത്രിയിൽ ശിൽപ്പശാല നടന്നു

**കൊച്ചി:** അമൃത ആശുപത്രിയിലെ ഒബ്സ്ടെട്രിക്സ് ആൻഡ് ഗൈനക്കോളജി വിഭാഗത്തിന്റെയും, കൊച്ചി ഒബ്സ്ടെട്രിക് ആൻഡ് ഗൈനക്കോളജിക്കൽ സൊസൈറ്റിയുടെയും ആഭിമുഖ്യത്തിൽ ഗർഭകാല അടിയന്തരാവസ്ഥകളും എൻഡോമെട്രിയോസിസും എന്ന വിഷയത്തെ ആസ്പദമാക്കി ഏകദിന ശിൽപ്പശാല സംഘടിപ്പിച്ചു.

അമൃത ആശുപത്രിയിൽ നടന്ന പരിപാടിയിൽ ഗർഭകാല അടിയന്തരാവസ്ഥകളുടെ നൂതന ചികിത്സാരീതികളും എൻഡോമെട്രിയോസിസ് മൂലമുാകുന്ന ആരോഗ്യപ്രശ്നങ്ങളും വിശദമായി ചർച്ച ചെയ്തു. സിഒജിഎസ് പ്രസിഡന്റ് ഡോ. ഗ്രേസി തോമസ് ഉദ്ഘാടനം നിർവഹിച്ചു.

ശാസ്ത്രീയ സെഷനുകൾക്ക് അമൃത ആശുപത്രിയിലെ ഒബ്സ്ടെട്രിക്സ് ആൻഡ് ഗൈനക്കോളജി വിഭാഗം എമിരിറ്റസ് പ്രൊഫസർ ഡോ. രാധാമണി. കെ നേതൃത്വം നൽകി. അഡീഷണൽ മെഡിക്കൽ സൂപ്രണ്ട് ഡോ. കെ.വി.ബീന, ഒബ്സ്ടെട്രിക്സ് ആൻഡ് ഗൈനക്കോളജി വിഭാഗം മേധാവി ഡോ. ചിത്ര. ആർ. തുടങ്ങിയവർ പ്രസംഗിച്ചു. ഗർഭകാലത്ത് ഉണ്ടാകാവുന്ന ഗുരുതര ആരോഗ്യപ്രശ്നങ്ങളായ അമ്നിയോട്ടിക് ഫ്ളൂയിഡ് എംബോളിസം, യുട്രസ് റപ്ചർ, ഡി ഐ സി, എഎഫ്എൽപി, എക്ലാംപ്സിയ, ഹൈപ്പർടെൻസീവ് ക്രൈസിസ്, സെപ്സിസ് തുടങ്ങിയ വിഷയങ്ങളിൽ പ്രമുഖ ഗൈനക്കോളജിസ്റ്റുകളും വിദഗ്ധരും ക്ലാസുകൾ നയിച്ചു. എൻഡോമെട്രിയോസിസ് രോഗനിർണയവും ചികിത്സയും സംബന്ധിച്ച പാനൽ ചർച്ചയും നടന്നു. സംസ്ഥാനത്തെ വിവിധ ആശുപത്രികളിൽ നിന്നുള്ള ഡോക്ടർമാരും ആരോഗ്യപ്രവർത്തകരും പരിപാടിയിൽ പങ്കെടുത്തു.

# ഒബിസി വിഭാഗക്കാർക്ക് സൗജന്യ തൊഴിൽ പരിശീലനം

**കൊച്ചി:** കേരള സർക്കാർ ഉന്നത വിദ്യാഭ്യാസ തൊഴിൽ നൈപുണ്യ പരിശീലന കേന്ദ്രമായ അസാപ് കേരളയുടെ തിരുവല്ല കുന്നന്താനം കമ്യൂണിറ്റി സ്കിൽ പാർക്കിൽ ഇലക്ട്രിക് വാഹന സർവീസിങ് സൗജന്യ പരിശീലനത്തിന് അപേക്ഷ ക്ഷണിച്ചു. സംസ്ഥാനത്തെ ഒബിസി വിഭാഗത്തിൽ ഉൾപ്പെട്ട 2.5 ലക്ഷത്തിൽ താഴെ വാർഷിക വരുമാനമുള്ള പ്ലസ് 2 യോഗ്യതയുള്ളവർക്കാണ് അവസരം. അപേക്ഷകർ 18നും 40നും മദ്ധ്യേ പ്രായമുള്ളവർ ആയിരിക്കണം. കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് 100% പ്ലേസ്മെന്റ് അസിസ്റ്റൻസ് ലഭിക്കുന്നതാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി മെയ് 31. കൂടുതൽ വിവരങ്ങൾക്ക് 9495999688 എന്ന നമ്പറിൽ ബന്ധപ്പെടുക.

# ബോധവൽക്കരണവുമായി പോലിസ്; ഡ്രൈവർമാർ മാന്യമായി പെരുമാറണം; ലഹരി ഉപയോഗിച്ചാൽ കർശന നടപടി




**ആലുവ:** ആലുവ സബ് ഡിവിഷനിലെ പോലീസ് സ്റ്റേഷനുകളുടെ കീഴിൽ വരുന്ന സ്കൂൾ ബസ്സുകളുടെ ഡ്രൈവർമാർക്കും ഹെൽപ്പർമാർക്കും ബോധവൽക്കരണ ക്ലാസ് നൽകി പോലീസ്. ആലുവ റൂറൽ ജില്ലാ പോലീസ് ആസ്ഥാനത്ത് നടന്ന ക്ലാസ്സ് ജില്ലാ പോലീസ് മേധാവി കെ എസ് സുദർശൻ ഉദ്ഘാടനം ചെയ്തു. സ്കൂൾ ബസ്സുകളുടെ പെർമിറ്റും, ഫിറ്റ്നസും അനുബന്ധ രേഖകളും കൃത്യമായി പരിശോധിക്കുമെന്ന് എസ്.പി പറഞ്ഞു. സ്കൂൾ ബസ്സിലെ ഡ്രൈവർമാരുടെ പെരുമാറ്റം മാന്യമായിരിക്കണം. മദ്യപിച്ചും മറ്റ് ലഹരി ഉപയോഗിച്ചും വാഹനം ഓടിക്കുന്നവർക്കെതിരെ കർശന നടപടി ഉണ്ടാകും. ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ടവരെ യാതൊരു കാരണവശാലും ബസ് ഓടിക്കാൻ അനുവദിക്കരുത്. വിദ്യാർത്ഥികൾ മുഴുവൻ പേരും ബസ്സിൽ കയറിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയിട്ട് ബസ് മുന്നോട്ട് എടുക്കാൻ പാടുള്ളൂ. അതുപോലെതന്നെ കുട്ടികളെല്ലാവരും വാഹനത്തിൽ നിന്ന് ഇറങ്ങി എന്ന് ഉറപ്പു വരുത്തണം. അശ്രദ്ധമായും അമിതവേഗത്തിലും വാഹനം ഓടിക്കുന്നവർക്ക് എതിരെ ശക്തമായ നടപടി ഉണ്ടാകും. വിദ്യാർത്ഥികളെ കയറ്റാതെ പോകുന്ന സ്വകാര്യ ബസ് ജീവനക്കാർക്കെതിരെയും നടപടി ഉണ്ടാകും. ഓട്ടോറിക്ഷ മുതലായ വാഹനങ്ങളിൽ വിദ്യാർഥികളെ കുത്തിനിറച്ച് കൊണ്ടുപോകാൻ അനുവദിക്കുന്നതല്ല. വാഹനങ്ങളുടെ ഡോറുകളും കൃത്യമായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. സ്കൂൾ പരിസരത്ത് പുകയില മറ്റ് ലഹരി ഉൽപ്പന്നങ്ങൾ വിൽക്കുന്നവർക്കെതിരെ കർശന നടപടിയുണ്ടാകും. മയക്കുമരുന്ന് പോലുള്ള വസ്തുക്കളുടെ ഉപയോഗം തടയുന്നതിന് ശക്തമായ നിയമനടപടികൾ സ്വീകരിക്കും. ഇക്കാര്യത്തിൽ അധ്യാപകരും രക്ഷകർത്താക്കളും പരിസരവാസികളും ശ്രദ്ധിക്കേതുണ്ട്. ഇത്തരം കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ഉടൻതന്നെ പോലീസിൽ അറിയിക്കുക. സ്കൂൾ പ്രവർത്തനം സാധാരണഗതിയിൽ ആകുന്നതുവരെ തിരക്കുള്ള പ്രദേശങ്ങളിൽ പോലീസ് സംവിധാനം ഏർപ്പെടുത്തും. കുട്ടികളുടെ മൊബൈൽ ഫോൺ ഉപയോഗത്തിലും രക്ഷിതാക്കളും അധ്യാപകരും ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. സോഷ്യൽ മീഡിയയിൽ അജ്ഞാത സുഹൃത്തുക്കളുമായി അവർ ബന്ധം സ്ഥാപിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുക. കുട്ടികളിൽ നിന്ന് പ്രതീക്ഷിക്കാത്ത സ്വഭാവങ്ങൾ ഉണ്ടാകുന്നുങ്കെിൽ അത് ഗൗരവമായി എടുക്കണം. ക്ലാസിൽ വരാതിരിക്കുന്ന കുട്ടികളുടെ കാര്യത്തിലും ശ്രദ്ധ വേണം. അധ്യാപകരുടെ ശ്രദ്ധ സ്കൂളിന് പുറത്തേക്കും ഉണ്ടാകണമെന്ന് എസ്പി പറഞ്ഞു. ആലുവ ഡിവൈഎസ്പി എൻ. ബാബുക്കുട്ടൻ അധ്യക്ഷത വഹിച്ചു. എ.എം.വി.ഐ സെബാസ്റ്റ്യൻ ജോസഫ്, ചെങ്ങമനാട് ഇൻസ്പെക്ടർ എൻ.വി ഷൈജു, ആലുവ സബ് ഇൻസ്പെക്ടർ വന്ദന കൃഷ്ണൻ തുടങ്ങിയവർ പ്രസംഗിച്ചു. സ്കൂളുകളിൽ നിന്നായി 250ഓളം പേർ പങ്കെടുത്തു.

# സ്പ്രിങ് ടേം 2026 പാസിങ് ഔട്ട് പരേഡ് ഇന്ന് ഏഴിമല ഇന്ത്യൻ നാവിക അക്കാദമിയിൽ

**തിരുവനന്തപുരം:** ഏഴിമലയിലെ ഇന്ത്യൻ നാവിക അക്കാദമി സ്പ്രിങ് ടേം 2026ന്റെ പാസിങ് ഔട്ട് പരേഡിന് 2026 ഇന്ന് ആതിഥേയത്വം വഹിക്കും. ദക്ഷിണ നാവിക കമാൻഡ് ഫ്ളാഗ് ഓഫീസർ കമാൻഡിങ്ഇൻചീഫ് വൈസ് അഡ്മിറൽ സമീർ സക്സേന മുഖ്യാതിഥിയായിരിക്കും. കുറ്റമറ്റ സൈനിക പരേഡിന്റെയും അതിരറ്റ അഭിമാനത്തിന്റെയും ദേശഭക്തിയുടെ ആവേശത്തിന്റെയും പ്രചോദനാത്മക മിശ്രണമെന്ന നിലയിൽ സൈനിക പാരമ്പര്യങ്ങളിലെ ആദരണീയ ചടങ്ങാണ് ഈ ഔദ്യോഗിക പാസിങ് ഔട്ട് പരേഡ്. വിജയകരമായി പരിശീലനം പൂർത്തിയാക്കിയ കേഡറ്റുകൾ രാജ്യത്തിന്റെ സമുദ്ര അതിർത്തികളും സുരക്ഷാ താല്പര്യങ്ങളും സംരക്ഷിക്കുന്ന ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കാൻ സന്നദ്ധത പ്രകടിപ്പിച്ച് പരേഡ് ഗ്രൗണ്ടിലേക്ക് മാർച്ച് ചെയ്യും. ഇന്ത്യൻ നാവികസേനയിലെയും തീരസംരക്ഷണ സേനയിലെയും പരിശീലനാർത്ഥികൾക്കൊപ്പം സീഷെൽസ്, ടാൻസാനിയ, വിയറ്റ്നാം എന്നീ മൂന്ന് സുഹൃദ് വിദേശ രാജ്യങ്ങളിലെ അന്താരാഷ്ട്ര പരിശീലനാർത്ഥികളും സ്പ്രിങ് ടേം 2026ലെ പാസിങ് ഔട്ട് പരേഡിൽ പങ്കെടുക്കും. യുവ പരിശീലനാർത്ഥികളെ സമുദ്ര സുരക്ഷാ സേനയുടെ ഭാവി നേതൃനിരയിലേക്ക് എത്തിക്കുന്നതിൽ സുപ്രധാന പങ്കുവഹിച്ച പ്രതിരോധ സേനയിലെ മുതിർന്ന ഉദ്യോഗസ്ഥരും വിദേശ മിലിറ്ററി അറ്റാഷെമാരും പരിശീലനാർത്ഥികളുടെ മാതാപിതാക്കളും ഇന്ത്യൻ നാവികസേന പരിശീലകരും ചടങ്ങിന് സാക്ഷ്യം വഹിക്കും. മികച്ച പ്രകടനം കാഴ്ചവെച്ചവർക്ക് മെഡലുകളും ട്രോഫികളും പരേഡിൽ വിതരണം ചെയ്യും. തുടർന്ന് പരിശീലനാർത്ഥിയിൽനിന്ന് സൈനിക ഉദ്യോഗസ്ഥനെന്ന നിലയിലേക്കുള്ള മാറ്റം അടയാളപ്പെടുത്തുന്ന പരമ്പരാഗത 'ഷിപ്പിങ് ഓഫ് സ്ട്രൈപ്സ്' ചടങ്ങുമുണ്ടാകും.

# പാലങ്ങളുടെയും ജംഗ്ഷനുകളുടെയും സൗന്ദര്യവത്ക്കരണത്തിന് പദ്ധതി: മന്ത്രി പി. കെ. ബഷീർ

**തിരുവനന്തപുരം:** പാലങ്ങളുടെയും ജംഗ്ഷനുകളുടെയും സൗന്ദര്യവൽക്കരണത്തിനായി പുതിയ സ്പോൺസർഷിപ്പ് പദ്ധതികൾ ആവിഷ്കരിക്കുമെന്ന് പൊതുമരാമത്ത് വകുപ്പ് മന്ത്രി പി. കെ. ബഷീർ. പൊതുമരാമത്ത് ഉന്നത ഉദ്യോഗസ്ഥരുമായും ചീഫ് എൻജിനിയർമാരുമായും സ്ഥാപന മേധാവികളുമായും സെക്രട്ടേറിയറ്റ് അനക്സ് നവകൈരളി ഹാളിൽ ചേർന്ന യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. പാലങ്ങളിൽ ലൈറ്റുകൾ, ചെടിച്ചട്ടികൾ എന്നിവ സ്ഥാപിക്കുന്നതിനും ജംഗ്ഷനുകൾ മോടിപിടിപ്പിക്കുന്നതിനും കമ്പനികളുടെയും നാട്ടുകാരുടെയും സഹായം സ്വീകരിക്കും. സ്പോൺസർ ചെയ്യുന്നവർക്ക് പരസ്യം നൽകുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി മാർഗ്ഗരേഖ തയ്യാറാക്കുമെന്നും ഈ തുക വകുപ്പിന് നേരിട്ട് ചെലവഴിക്കാൻ കഴിയുന്ന രീതിയിൽ സംവിധാനം ഒരുക്കുമെന്നും മന്ത്രി പറഞ്ഞു. പൊതുമരാമത്ത് വകുപ്പിലെ ഉദ്യോഗസ്ഥരുടെ സ്ഥാനക്കയറ്റവും അച്ചടക്കനടപടികളും വേഗത്തിൽ തീർപ്പാക്കുന്നതിനായി അദാലത്ത് സംഘടിപ്പിക്കും. മുഖ്യമന്ത്രി ഉടൻ പ്രഖ്യാപിക്കാൻ പോകുന്ന 100 ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്താൻ കഴിയുന്ന പ്രായോഗിക പദ്ധതികൾ വേഗത്തിൽ സമർപ്പിക്കണം. ശബരിമല തീർത്ഥാടനകാലത്തിന് മുന്നോടിയായി റോഡുകൾ യുദ്ധകാലാടിസ്ഥാനത്തിൽ അറ്റകുറ്റപണികൾ പൂർത്തിയാക്കണം. മഴക്കാലത്തിന് മുന്നോടിയായി നടത്തേണ്ട പരിശോധനകൾ കൃത്യമായി നടപ്പിലാക്കണമെന്നും ഉദ്യോഗസ്ഥരോട് മന്ത്രി നിർദേശിച്ചു. സംസ്ഥാനത്തിന്റെ പൊതുമരാമത്ത് പ്രവർത്തനങ്ങൾ സുതാര്യമായും സമയബന്ധിതമായും ഫലപ്രദമായും നടപ്പിലാക്കുന്നതിന് ഉദ്യോഗസ്ഥരും കരാറുകാരും ഒറ്റക്കെട്ടായി പ്രവർത്തിക്കണം. അടിസ്ഥാന സൗകര്യ വികസനത്തിൽ നിർണായക പങ്കുവഹിക്കുന്ന പൊതുമരാമത്ത് വകുപ്പിലെ ഉദ്യോഗസ്ഥരെയും കരാറുകാരെയും പൂർണ്ണമായി വിശ്വാസത്തിലെടുത്ത് മുന്നോട്ട് പോകും. കോൺട്രാക്ടർമാരും ഉദ്യോഗസ്ഥരും അഴിമതിക്കാരാണെന്ന യാതൊരുവിധ മുൻവിധിയും സർക്കാരിനില്ലെന്നും മന്ത്രി പറഞ്ഞു. പൊതുമരാമത്ത് സെക്രട്ടറി കെ ബിജു വകുപ്പിന്റെ പ്രവർത്തനങ്ങളും പദ്ധതികളും വിശദീകരിച്ചു. റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്പ്മെന്റ് കോർപറേഷൻ മാനേജിങ് ഡയറക്ടർ സുഹാസ് എസ്, കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപറേഷൻ മാനേജിങ് ഡയറക്ടർ കെ ഗോപാലകൃഷ്ണൻ, കേരള റോഡ് ഫണ്ട് ബോർഡ് സി ഇ ഒ അശോക് കുമാർ എം, പൊതുമരാമത്ത് ചീഫ് എൻജിനിയർമാരായ അജിത് രാമചന്ദ്രൻ, ഹൈജീൻ ആൽബർട്ട്, സുജ റാണി ടി എസ്, ദീപു എസ്, ദീപ്തി ഭാനു, ചീഫ് ആർക്കിടെക്റ്റ് ഗിരീഷ് വി എസ്, വിവിധ വകുപ്പ് മേധാവികൾ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

# കൊച്ചി തുറമുഖദിനാഘോഷം സംഘടിപ്പിച്ചു

**കൊച്ചി:** കൊച്ചി തുറമുഖത്ത് ആദ്യ കപ്പലെത്തിയതിന്റെ ഓർമ്മപുതുക്കലിന്റെ ഭാഗമായി തുറമുഖദിനാഘോഷം സംഘടിപ്പിച്ചു. വില്ലിങ്ടൺ ഐലന്റ് സാമുദ്രിക ഹാളിൽ നടന്ന ചടങ്ങിൽ കേരള മുൻ ചീഫ് സെക്രട്ടറിയും കൊച്ചിൻ പോർട്ട് അതോറിറ്റി മുൻ ചെയർപേഴ്സണുമായ പോൾ ആന്റണി റിട്ട. ഐഎഎസ് മുഖ്യാതിഥിയായി. കൊച്ചിൻ പോർട്ട് അതോറിറ്റി ചെയർപേഴ്സൺ ബി കാശിവിശ്വനാഥൻ, അധ്യക്ഷത വഹിച്ചു. ഡെപ്യൂട്ടി ചെയർപേഴ്സൺ സതീഷ് ഹൊന്നഘട്ടെ മുഖ്യപ്രഭാഷണം നടത്തി. കേരള സ്റ്റീമർ ഏജന്റ്സ് അസോസിയേഷൻ പ്രസിഡന്റ് വർഗീസ് കെ. ജോർജ്ജ്, കൊച്ചിൻ കസ്റ്റംസ് ബ്രോക്കേഴ്സ് അസോസിയേഷൻ പ്രസിഡന്റ് ആൻഡ്രൂ അൻഡോണിയോ ഫെർണാണ്ടസ് എന്നിവർ പ്രസംഗിച്ചു. 2028 ൽ നടക്കാനിരിക്കുന്ന കൊച്ചിൻ പോർട്ടിന്റെ നൂറാംവാർഷികാഘോഷ പരിപാടികളുടെ സംഘാടക സമിതി പ്രഖ്യാപനം ചെയർപേഴ്സൺ ബി. കാശിവിശ്വനാഥൻ നിർവ്വഹിച്ചു.

98ാം തുറമുഖദിനാഘോഷത്തിന്റെ ഭാഗമായി പൊതുജനങ്ങൾക്ക് സൗജന്യമായി കപ്പൽ സന്ദർശനമൊരുക്കി. ലക്ഷദ്വീപ് യാത്രാക്കപ്പലായ 'ലക്ഷദ്വീപ് സീ' കാണാനായി നിരവധിപേരെത്തി. കഴിഞ്ഞ സാമ്പത്തിക വർഷം കാർഗോ, ഷിപ് ഹാൻഡിലിങ്ങിൽ മികച്ച പ്രകടനം കാഴ്ചവച്ചവർക്കുള്ള പുരസ്കാരദാനവും ഇതോടനുബന്ധിച്ച് നടന്നു. കഴിഞ്ഞ വർഷം മികച്ച സേവനം കാഴ്ചവച്ച പോർട്ട് ജീവനക്കാർക്കുള്ള പുരസ്കാരങ്ങളും എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിൽ ഉന്നതവിജയം കരസ്ഥമാക്കിയ തുറമുഖ ജീവനക്കാരുടെ മക്കൾക്കുള്ള ക്യാഷ് അവാർഡുകളും വിതരണം ചെയ്തു.

തുടർന്ന് പോർട്ട് ജീവനക്കാരും കുടുംബാംഗങ്ങളും അവതരിപ്പിച്ച കലാ പരിപാടികൾ അരങ്ങേറി. കൊച്ചിൻ പോർട്ട് മുൻ ഡെ. ചെയർപേഴ്സൺ ഡോ. സിറിൽ സി ജോർജ്ജ്, ന്യൂ മാംഗ്ലൂർ പോർട്ട് അതോറിറ്റി മുൻ ഡെ. ചെയർപേഴ്സൺ, കൊച്ചിൻ പോർട്ട് അതോറിറ്റി മുൻ ഫിനാൻഷ്യൽ ആഡ്വൈസർ ആൻഡ് ചീഫ് അക്കൗണ്ട്സ് ഓഫീസർ കെ.ജി നാഥ്, കൊച്ചിൻ പോർട്ട് അതോറിറ്റി മുൻ ട്രാഫിക് മാനേജർ ഡോ. ഉണ്ണികൃഷ്ണൻ നായർ, കൊച്ചിൻ പോർട്ട് അതോറിറ്റി ട്രാഫിക് മാനേജർ ക്യാപ്റ്റൻ ഹിമാൻഷു ശേഖർ, കൊച്ചിൻ പോർട്ട് അതോറിറ്റി സെക്രട്ടറി ജോയ്ദീപ്ഘോഷ് ദസ്തിദാർ, ഡപ്യൂട്ടി കൺസർവേറ്റർ, ക്യാപ്റ്റൻ ടി മുത്തുകുമാർ; ഫിനാൻഷ്യൽ ആഡ്വൈസർ ആൻഡ് ചീഫ് അക്കൗണ്ട്സ് ഓഫീസർ, ബി. ഭാഗ്യനാഥ്; ചീഫ് എൻജിനിയർ, കേണൽ ജസ്സർ എസ്. എം, ചീഫ് മെഡിക്കൽ ഓഫീസർ (ഇൻചാർജ്ജ്) ഡോ. ജയലക്ഷ്മി ആർ. കുറുപ്പ്, ചീഫ് മെക്കാനിക്കൽ എൻജിനീയർ (ഇൻചാർജ്ജ്) പി. മുനിയസാമി, ട്രേഡ് യൂണിയൻ പ്രതിനിധികൾ, കൊച്ചിൻ പോർട്ട് ജീവനക്കാർ തുടങ്ങിയവർ പങ്കെടുത്തു.

# 'ടുമാറോ മേക്കേഴ്സ്' പദ്ധതിയുമായി ഗോദ്റെജ് ഫൗണ്ടേഷൻ

**കൊച്ചി:** സാമ്പത്തികമായും സാമൂഹികമായും പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിലെ മിടുക്കരായ വിദ്യാർത്ഥികളെ കണ്ടെത്തി അവർക്ക് മികച്ച അവസരങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സ്വതന്ത്ര ജീവകാരുണ്യ ട്രസ്റ്റായ ഗോദ്റെജ് ഫൗണ്ടേഷൻ 'ടുമാറോ മേക്കേഴ്സ്' എന്ന പേരിൽ ദേശീയ പ്ലാറ്റ്ഫോം ആരംഭിച്ചു. ആറാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്കും ബിരുദധാരികൾക്കും ഈ പ്ലാറ്റ്ഫോം വഴി വിവിധ മേഖലകളിലെ പ്രമുഖ സംഘടനകൾ, മെന്റർമാർ, മത്സരങ്ങൾ, അധ്യാപകർ എന്നിവരുമായി നേരിട്ട് ബന്ധപ്പെടാൻ സാധിക്കുമെന്ന് ബന്ധപ്പെട്ട അധികൃതർ വ്യക്തമാക്കി. എട്ട് പ്രമുഖ പങ്കാളിത്ത സംഘടനകളുടെ സഹകരണത്തോടെ വിദ്യാർത്ഥികൾക്കായി നാല് പ്രത്യേക മേഖലകളാണ് ഈ പദ്ധതിക്ക് കീഴിൽ ഒരുക്കിയിരിക്കുന്നത്. 10 മുതൽ 12 വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന ശാസ്ത്രഗണിത അഭിരുചിയുള്ള വിദ്യാർത്ഥികൾക്ക് ജെ.ഇ.ഇ, നീറ്റ് പരീക്ഷകൾക്കായി 'ദക്ഷണ', 'അവന്തി ഫെല്ലോസ്' എന്നീ സംഘടനകൾ വഴി സൗജന്യ കോച്ചിംഗ് നൽകും. ആറ്, ഏഴ് ക്ലാസുകളിലെ കുട്ടികൾക്കായി 'ജെൻവൈസ്', 'മേക്കർഘട്ട്' എന്നിവയുടെ സഹകരണത്തോടെ റോബോട്ടിക്സ്, കമ്പ്യൂട്ടിംഗ്, ഉന്നത ഗണിതം എന്നിവയിൽ സമ്മർ ക്യാമ്പുകളും വർക്ക്ഷോപ്പുകളും സംഘടിപ്പിക്കും. സംഗീതം, നാടകം, എഴുത്ത് എന്നിവയിൽ താൽപര്യമുള്ള കുട്ടികൾക്ക് 'സ്ലാം ഔട്ട് ലൗഡ്' വഴി മികച്ച പരിശീലനവും അവസരങ്ങളും നൽകും. നാടക രംഗത്ത് കരിയർ ആഗ്രഹിക്കുന്ന ബിരുദധാരികൾക്ക് 'ഡ്രാമ സ്കൂൾ മുംബൈ' വഴി പ്രൊഫഷണൽ പരിശീലനം ലഭിക്കും. സായുധ സേനയിൽ ചേരാൻ ആഗ്രഹിക്കുന്ന ബിരുദധാരികൾക്ക് പ്രവേശന പരീക്ഷകൾക്കായി 'ഡെൽറ്റ സ്ക്വാഡ് ഫൗണ്ടേഷൻ', 'യുവതേജസ്' എന്നിവ വഴി പ്രത്യേക പരിശീലനം നൽകും.

സാമ്പത്തികമായി ഏറെ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് ആവശ്യാനുസരണം സ്കോളർഷിപ്പുകളും പദ്ധതിയുടെ ഭാഗമായി ഉറപ്പാക്കും. ഓരോ വർഷവും ഈ പദ്ധതിയിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നവരിൽ 80 ശതമാനവും കുറഞ്ഞ വരുമാനമുള്ള കുടുംബങ്ങളിൽ നിന്നുള്ള കുട്ടികളായിരിക്കും. വിദ്യാർത്ഥികൾക്ക് www.tomorrow-makers.in വഴിയോ അല്ലെങ്കിൽ +91 8655979118 എന്ന വാട്സ്ആപ്പ് നമ്പറിൽ 'ഹായ്' എന്ന് അയച്ചോ അപേക്ഷകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്.

# ഇന്ത്യയിൽ സേവനത്തിന്റെ 30 വർഷം പൂർത്തിയാക്കി സാംസങ്

**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും വലിയ കൺസ്യൂമർ ഇലക്ട്രോണിക്സ് ബ്രാൻഡായ സാംസങ് രാജ്യത്തെ ഉപഭോക്തൃ സേവന രംഗത്ത് 30 വർഷത്തെ പ്രയാണം പൂർത്തിയാക്കി. 1990-കളിലെ മാനുവൽ ലോഗ്ബുക്കുകളിൽ നിന്നും പേജറുകളിൽ നിന്നും തുടങ്ങി, ഇന്ന് 3,000-ത്തിലധികം സർവീസ് ടച്ച് പോയിന്റുകളും 12,500-ലധികം വിദഗ്ധ എഞ്ചിനീയർമാരുമുള്ള ഇന്ത്യയിലെ ഏറ്റവും വലിയ സേവന ശൃംഖലയായി സാംസങ് മാറിയിരിക്കുന്നു. റിയാക്ടീവ് സപ്പോർട്ടിൽ നിന്ന് ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സഹായത്തോടെ അത്യാധുനിക ഉപഭോക്തൃ അനുഭവങ്ങളിലേക്ക് കമ്പനി ഈ കാലയളവിൽ പരിണമിച്ചു. നിലവിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അടിസ്ഥാനമാക്കിയുള്ള പ്രവചനാത്മക പരിചരണമാണ് സാംസങ് ഉപഭോക്താക്കൾക്ക് നൽകുന്നത്. സ്മാർട്ട് തിങ്സ് സാങ്കേതിക വിദ്യയിലൂടെ ഗാർഹിക ഉപകരണങ്ങളിലെ തകരാറുകൾ മുൻകൂട്ടി കണ്ടെത്താനും, 10 ഇന്ത്യൻ ഭാഷകളിൽ 24x7 വോയ്സ് സപ്പോർട്ട്, വാട്സ്ആപ്പ് സഹായം, റിമോട്ട് ഡയഗ്നോസ്റ്റിക്സ് എന്നിവ ലഭ്യമാക്കാനും സാംസങ്ങിന് സാധിക്കുന്നുണ്ട്. സാങ്കേതിക നവീകരണത്തോടൊപ്പം വൈദഗ്ധ്യ വികസനവും ഇ-മാലിന്യ നിർമാർജനത്തിനായുള്ള സുസ്ഥിര സംരംഭങ്ങളും സാംസങ് ഇന്ത്യയുടെ ഉപഭോക്തൃ വിശ്വാസത്തെ കൂടുതൽ ദൃഢമാക്കുന്നു.

# ഒറ്റ പ്ലാനിൽ 15 പ്രീമിയം ഒടിടികളും 1000 ലൈവ് ചാനലുകളും; 200 രൂപ 'ഒടിടി പാസ്' അവതരിപ്പിച്ച് ജിയോ

**കൊച്ചി/മുംബൈ:** ടെലികോം വിപണിയിൽ വീണ്ടും വിപ്ലവകരമായ ഓഫറുമായി റിലയൻസ് ജിയോ. ഒരൊറ്റ റീച്ചാർജിൽ ഒട്ടുമിക്ക പ്രീമിയം ഒ.ടി.ടി പ്ലാറ്റ്ഫോമുകളും ലൈവ് ടിവി ചാനലുകളും ഡാറ്റയും ലഭ്യമാക്കുന്ന പുതിയ '200 രൂപ ജിയോ ഒ.ടി.ടി പാസ്' കമ്പനി അവതരിപ്പിച്ചു. വിനോദവും കണക്റ്റിവിറ്റിയും ഒന്നിച്ച് ചേർത്തുള്ള ഈ പുതിയ പാസ് 28 ദിവസത്തെ കാലാവധിയിലാണ് ഉപഭോക്താക്കൾക്ക് ലഭിക്കുക. പ്രതിമാസം ഏകദേശം 1,500 രൂപയോളം വിലമതിക്കുന്ന ആനുകൂല്യങ്ങളാണ് ജിയോ കേവലം 200 രൂപയ്ക്ക് ഈ പ്ലാനിലൂടെ വരിക്കാർക്ക് നൽകുന്നതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. നിലവിൽ സജീവമായ ഒരു ബേസ് പ്ലാൻ ഉള്ള ഏത് ജിയോ ഉപഭോക്താവിനും ഈ പാസ് സ്വന്തമാക്കാം. മേയ് 27 മുതൽ പുതിയ പ്ലാൻ പ്രാബല്യത്തിൽ വന്നു. 15 പ്രീമിയം ഒടിടി സബ്സ്ക്രിപ്ഷനുകളാണ് പ്ലാനിന്റെ ഏറ്റവും വലിയ സവിശേഷത. ഇതിൽ പ്രധാന പ്ലാറ്റ്ഫോമുകളെല്ലാം ഉൾപ്പെടും. പരസ്യങ്ങളില്ലാത്ത വീഡിയോ കാഴ്ചകൾ, ബാക്ക്ഗ്രൗണ്ട് പ്ലേ, ഓഫ്‌ലൈൻ ഡൗൺലോഡ് എന്നിവ ടിവി, ടാബ്ലറ്റ്, മൊബൈൽ എന്നിവയിൽ ലഭ്യമാകും. തത്സമയ കായിക മത്സരങ്ങൾ, ഹോട്ട്സ്റ്റാർ ഒറിജിനലുകൾ, മികച്ച ഹോളിവുഡ് ചിത്രങ്ങൾ എല്ലാം ആസ്വദിക്കാം. ആമസോൺ പ്രൈം വീഡിയോ മൊബൈലിൽ ആസ്വദിക്കാം. കൂടാതെ സോണിലിവ്, സീ5, ലയൺസ്ഗേറ്റ് പ്ലേ, ഡിസ്കവറിപ്ലസ്, സൺ നെക്സ്റ്റ്, ഫാൻകോഡ്, ഹോയ്ചോയ്, പ്ലാനറ്റ് മറാത്തി, ചൗപാൽ, കാഞ്ച ലങ്ക, ടൈംസ് പ്ലേ, തരംഗ് പ്ലസ് തുടങ്ങിയവയെല്ലാം ലഭ്യമാകും. 1,000ത്തിലധികം ലൈവ് ടിവി ചാനലുകൾ ലഭ്യമാകുമെന്നതും ഒടിടി പാസിന്റെ പ്രത്യേകതയാണ്. ജിയോ ടിവി ആപ്പ് വഴി മുൻനിര ബ്രോഡ്കാസ്റ്റർമാരുടെ 150ലധികം പെയ്ഡ് ചാനലുകൾ ഉൾപ്പെടെ ആയിരത്തിലധികം തത്സമയ ചാനലുകളാണ് കാണാൻ സാധിക്കുക. 30 ജിബി ഹൈസ്പീഡ് 4ജി/5ജി ഡാറ്റയാണ് പ്ലാനിനൊപ്പം ലഭിക്കുക. ഉപഭോക്താവിന്റെ നിലവിലുള്ള ബേസ് പ്ലാനിന്റെ കാലാവധിക്ക് വിധേയമായി അൺലിമിറ്റഡ് 5ജി ഡാറ്റ (പരമാവധി 28 ദിവസം വരെ) ലഭ്യമാകും.

# ഫാഷൻ ഫാക്ടറി ബ്ലാക്ക് വീക്കൻഡ് സെയിൽ ഇന്ന് മുതൽ

**കൊച്ചി:** ഫാഷൻ പ്രേമികൾക്കായി ഏറെ കാത്തിരുന്ന 'ബ്ലാക്ക് വീക്കൻഡ് സെയിൽ' വീണ്ടും അവതരിപ്പിച്ച് ഫാഷൻ ഫാക്ടറി. സീസണിലെ ഏറ്റവും വലിയ മൂല്യാധിഷ്ഠിത ഓഫറുകളിൽ ഒന്നായ ബൈ വൺ ഗെറ്റ് ടു ഓഫറുമായി ഇന്ന് മുതൽ 31 വരെ ഇന്ത്യയിലുടനീളമുള്ള ഫാഷൻ ഫാക്ടറി സ്റ്റോറുകളിൽ ഈ സെയിൽ നടക്കും. ലീ കൂപ്പർ, ലൂയിസ് ഫിലിപ്പ്, പാർക്ക് അവന്യൂ, ജോൺ പ്ലേയേഴ്സ് , പീറ്റർ ഇംഗ്ലണ്ട്, ഡ്യൂക്ക് തുടങ്ങിയ പ്രമുഖ ബ്രാൻഡുകളുടെ ഉൽപ്പന്നങ്ങൾ ഈ സെയിലിൽ ഉൾപ്പെടും. ഈ വർഷം സെയിലിന് കൂടുതൽ ആവേശം പകരാൻ ഫാഷൻ ഫാക്ടറി 'ബ്ലാക്ക് പാസ്' എന്ന പ്രത്യേക പ്രവേശന സംവിധാനവും അവതരിപ്പിച്ചിട്ടുണ്ട്. 9321661199 എന്ന നമ്പറിലേക്ക് ഒരു മിസ്ഡ് കോൾ നൽകുന്നതിലൂടെ ഉപഭോക്താക്കൾക്ക് ബ്ലാക്ക് പാസ് ലഭിക്കും. ഈ പാസ് ഉപയോഗിച്ച് സെയിൽ എല്ലാവർക്കും ലഭിക്കും മുൻപ് തന്നെ ഓഫറുകൾ ആസ്വദിക്കാം.

# ബാക്ക് ടു ക്യാമ്പസ് 2026 സെയിൽ ആരംഭിച്ച് ഫ്ളിപ്കാർട്ട്

**കൊച്ചി :** വിദ്യാർത്ഥികൾക്കായി ഇലക്ട്രോണിക് ഉപകരണങ്ങളിൽ പ്രത്യേക ഓഫറുകളുമായി ഫ്ളിപ്കാർട്ട് 'ബാക്ക് ടു ക്യാമ്പസ്' 2026 സെയിൽ ആരംഭിച്ചു. മേയ് 28 വരെയാണ് സെയിൽ നടക്കുന്നത്. ലാപ്ടോപ്പുകൾ, ടാബ്‌ലറ്റുകൾ, സ്മാർട്ട് വാച്ചുകൾ, ഓഡിയോ ഉപകരണങ്ങൾ തുടങ്ങി വിവിധ ഉൽപ്പന്നങ്ങൾക്ക് ഓഫറുകൾ ലഭ്യമാണ്. അസൂസ്, സാംസങ്, ലെനോവോ എച്ച് പി സോണി , തുടങ്ങിയ ബ്രാൻഡുകളുടെ ഉൽപ്പന്നങ്ങൾ സെയിലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ആപ്പിൾ മാക്ബുക്ക് എയർ എം5, സാംസങ് ഗാലക്സി ബുക്ക് 6 പോലുള്ള പുതിയ എഐ സജ്ജീകരിച്ച ഉപകരണങ്ങൾക്കും പ്രത്യേക വിലക്കിഴിവുണ്ട്. വിദ്യാർത്ഥി ഐഡി ഉപയോഗിച്ച് ഫ്ളിപ്കാർട്ടിൽ രജിസ്റ്റർ ചെയ്യുന്ന വിദ്യാർത്ഥികൾക്ക് 6,000 രൂപ വരെ അധിക വിലക്കിഴിവ്, നോകോസ്റ്റ് ഇഎംഐ , എക്സ്ചേഞ്ച് എന്നിവയും ഉണ്ടായിരിക്കും.

# എച്ച്പിസിഎല്ലും ടാറ്റ മോട്ടോഴ്സും പങ്കാളിത്തത്തിൽ




**കൊച്ചി :** ഉപയോഗിച്ചു കഴിഞ്ഞ ഓട്ടോമോട്ടീവ് ലൂബ്രിക്കന്റുകളുടെ ശേഖരണത്തിനും പുനരുപയോഗത്തിനുമായി ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡും (എച്ച്പിസിഎൽ), ടാറ്റ മോട്ടോഴ്സും ധാരണാപത്രത്തിൽ ഒപ്പുവച്ചു.

അപകടകരമായ മാലിന്യങ്ങളായി തരംതിരിച്ചിരിക്കുന്ന ഉപയോഗിച്ച ലൂബ്രിക്കന്റുകളുടെ ശേഖരണം, സംഭരണം എന്നിവ മുതൽ പുനരുപയോഗം വരെ കൈകാര്യം ചെയ്യുന്നതിനായി ഒരു സംഘടിത സംവിധാനം സ്ഥാപിക്കുക എന്നതാണ് ഈ സംരംഭത്തിന്റെ ലക്ഷ്യം.

ഉപയോഗിച്ച ലൂബ്രിക്കന്റുകളെ ഉയർന്ന നിലവാരമുള്ള ശുദ്ധീകരിച്ച എണ്ണയായി പരിവർത്തനം ചെയ്യാനും, വിഭവ കാര്യക്ഷമത മെച്ചപ്പെടുത്താനും, പാരിസ്ഥിതിക അപകടസാധ്യത കുറയ്ക്കാനും ഈ പ്രക്രിയ സഹായിക്കും.

അംഗീകൃത ശേഖരണ സംവിധാനങ്ങളിലൂടെ ഉപയോഗിച്ച ലൂബ്രിക്കന്റുകളുടെ സംയോജനവും ഗതാഗതവും എച്ച്പിസിഎൽ ഉറപ്പാക്കും. ഉത്തരവാദിത്തമുള്ള നിർമാർജന രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനും ടാറ്റ മോട്ടോഴ്സ് അതിന്റെ വിപുലമായ അംഗീകൃത സേവന ശൃംഖലയെ പ്രയോജനപ്പെടുത്തും. തിരഞ്ഞെടുത്ത സംസ്ഥാനങ്ങളിൽ പൈലറ്റ് പദ്ധതി നടപ്പിലാക്കും.

# മുത്തൂറ്റ് ഫിനാൻസ് സി.എസ്.ആർ പദ്ധതി: പോലീസ് ബൂത്ത് ഉദ്ഘാടനം ചെയ്തു






**കൊച്ചി:** സമൂഹത്തിന്റെ സുരക്ഷയും ക്ഷേമവും ഉറപ്പാക്കുന്നതിനുള്ള നിരന്തരമായ പ്രതിബദ്ധതയുടെ ഭാഗമായി മുത്തൂറ്റ് ഫിനാൻസ് തങ്ങളുടെ സി.എസ്.ആർ പദ്ധതിയുടെ കീഴിൽ ന്യൂഡൽഹിയിലെ അളകനന്ദയിൽ പുതിയ പോലീസ് ബൂത്ത് ഉദ്ഘാടനം ചെയ്തു. പ്രദേശവാസികളുടെ സുരക്ഷാ സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ഡൽഹി പോലീസും റസിഡന്റ് വെൽഫെയർ അസോസിയേഷനുകളുമായി സഹകരിച്ചാണ് ഈ പദ്ധതി നടപ്പിലാക്കിയത്.

മുത്തൂറ്റ് ഗ്രൂപ്പ് ജോയിന്റ് മാനേജിംഗ് ഡയറക്ടർ അലക്സാണ്ടർ ജോർജ്ജ് മുത്തൂറ്റ്, സൗത്ത് ഡൽഹി എ.സി.പി സോംനാഥ് പൃഥി എന്നിവർ ചേർന്നാണ് പോലീസ് ബൂത്തിന്റെ ഉദ്ഘാടനം നിർവഹിച്ചത്. ചടങ്ങിൽ മുത്തൂറ്റ് ഫിനാൻസ് സി.എസ്.ആർ ആൻഡ് കോർപ്പറേറ്റ് അഫയേഴ്സ് വിഭാഗം ജി.എം രാകേഷ് മെഹ്ത, പബ്ലിക് റിലേഷൻസ് സീനിയർ എ.ജി.എം രാജാ ഇമാം, സി.ആർ പാർക്ക് എസ്.എച്ച്.ഒ അനീഷ് ശർമ്മ തുടങ്ങിയവരും സന്നിഹിതരായി.പോലീസിനും സായുധ സേനയ്ക്കുമായി മുത്തൂറ്റ് ഫിനാൻസ് നടപ്പിലാക്കിയ വിവിധ സി.എസ്.ആർ പദ്ധതികൾ വ്യക്തമാക്കുന്ന പ്രത്യേക ബുക്ക്ലെറ്റും ചടങ്ങിൽ പ്രകാശനം ചെയ്തു. എ.സി. പി സോംനാഥ് പൃഥി ഇത് ഏറ്റുവാങ്ങി.

# സപ്ലൈകോയുടെ ആലിൻ നോട്ടുബുക്കുകൾ വിപണിയിൽ



**കൊച്ചി:** സപ്ലൈകോ ആലിൻ ബ്രാൻഡിൽ ഇറക്കുന്ന നോട്ടുബുക്കുകളുടെ ഔദ്യോഗിക പ്രകാശനം ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി അനൂപ് ജേക്കബ് എറണാകുളം ഗസ്റ്റ് ഹൗസിൽ നിർവഹിച്ചു. കേരളത്തിലെ ഏറ്റവും പ്രായം കുറഞ്ഞ അവയവ ദാതാവായി മാറിയ ആലിൻ ഷെറിൻ എബ്രഹാമിന്റെ സ്മരണയിലാണ് സപ്ലൈകോ ഈ വർഷത്തെ നോട്ടുബുക്കുകൾ പുറത്തിറക്കുന്നത്. അവയവ ദാനത്തെ കുറിച്ചുള്ള ചില തെറ്റിദ്ധാരണകൾ സമൂഹത്തിൽ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. അത് മാറ്റുവാൻ ആലിനിന്റെ ജീവിതകഥ സഹായിക്കുമെന്ന് മന്ത്രി അനൂപ് ജേക്കബ് പറഞ്ഞു. വിപണിയെ കണക്കാക്കി മാത്രമല്ല , സാമൂഹിക പ്രതിബദ്ധതയിൽ ഊന്നിയുള്ള ഒരു പ്രവർത്തനവുമാണ് സപ്ലൈകോ, ആലിൻ ബ്രാൻഡിൽ നോട്ട് ബുക്ക് ഇറക്കിയതിലൂടെ നടത്തുന്നതെന്ന് മന്ത്രി പറഞ്ഞു. മാതൃകാപരവും ചരിത്രത്തിന്റെ ഭാഗവുമായ തീരുമാനമാണ് ആലിനിന്റെ മാതാപിതാക്കൾ എടുത്തതെന്നും മന്ത്രി പറഞ്ഞു. നോട്ടുബുക്കിന് ആലിൻന്റെ പേര് നൽകുന്നതിലൂടെ സപ്ലൈകോ സമൂഹത്തിന് കൊടുക്കുന്ന സന്ദേശം വലുതാണെന്ന് ചടങ്ങിൽ അധ്യക്ഷനായ ടി ജെ വിനോദ് എംഎൽഎ പറഞ്ഞു. ഹൈബി ഈഡൻ എംപി, മേയർ വി കെ മിനിമോൾ എന്നിവർ മുഖ്യാതിഥികൾ ആയിരുന്നു. ആലിനിന്റെ മാതാപിതാക്കളായ അരുൺ എബ്രഹാം, ഷെറിൻ ആൻ ജോൺ എന്നിവരെ ചടങ്ങിൽ ആദരിച്ചു. ആലിനിനോടുള്ള ആദരസൂചകമായി നോട്ടുബുക്കുകൾ പുറത്തിറക്കാമെന്നുള്ള സപ്ലൈകോ മാർക്കറ്റിംഗ് വിഭാഗത്തിന്റെ ആശയത്തിന് , ലോഗോയും കവർ ഡിസൈനുകളും നൽകി പൂർത്തീകരിച്ചത് തേവര എസ് എച്ച് കോളേജിലെ വിദ്യാർത്ഥികളാണ്. തേവര എസ് എച്ച് കോളേജിലെ വിദ്യാർത്ഥികളെയും അധ്യാപകരെയും യോഗത്തിൽ അനുമോദിച്ചു. സപ്ലൈകോ മാനേജിംഗ് ഡയറക്ടർ ജയകൃഷ്ണൻ വി എം, ആലിനിന്റെ പിതാവ് അരുൺ എബ്രഹാം, ജനറൽ മാനേജർ എം യു ബിജു, തേവര എസ് എച്ച് കോളേജ് ഡയറക്ടർ ബാബു ജോസഫ് തുടങ്ങിയവർ യോഗത്തിൽ സംസാരിച്ചു.

14.50 മുതൽ 37രൂപ വരെയാണ് ആലിൻ നോട്ടുബുക്കുകളുടെ വില. ചെറിയ കുട്ടികൾക്കായുള്ള നോട്ടുബുക്ക്, അഞ്ചു ബുക്കുകളുടെ ഒരു സീരീസായാണ് പ്രിന്റ് ചെയ്തിരിക്കുന്നത്. നാലു ബുക്കുകളിൽ ആയാണ് ഓരോ സീരീസിലെ കഥകളും പൂർത്തീകരിക്കുന്നത്. അത്തരം ഒരു പുതുമയും സപ്ലൈകോ പുറത്തിറക്കുന്ന ആലിൻ ബ്രാൻഡ് നോട്ടുബുക്കിനുണ്ട്.

# കേരളത്തിലെ 33 നഗരങ്ങളിലേക്ക് കൂടി 5ജി സേവനങ്ങൾ വിപുലീകരിച്ച് വി

**കൊച്ചി:** കേരളത്തിലെ 14 ജില്ലകളിലായി 18 നഗരങ്ങളിൽ 5ജി സേവനങ്ങൾ ലഭ്യമാക്കിയതിന് പിന്നാലെ ടെലികോം സേവനദാതാവായ വി സംസ്ഥാനത്തെ 33 നഗരങ്ങളിലേക്ക് കൂടി 5ജി സേവനങ്ങൾ വ്യാപിപ്പിക്കുന്നു. ഇതോടെ പ്രധാന നഗരസഭകളിലും വിനോദസഞ്ചാര കേന്ദ്രങ്ങളിലുമായി വിയുടെ 5ജി സാന്നിധ്യം കൂടുതൽ ശക്തമാകുമെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. കൊച്ചി, തിരുവനന്തപുരം, കോഴിക്കോട്, മലപ്പുറം തുടങ്ങിയ പ്രധാന കേന്ദ്രങ്ങളിലായിരുന്നു വി ആദ്യഘട്ടത്തിൽ 5ജി സേവനങ്ങൾ ആരംഭിച്ചത്. തുടർന്ന് കൊല്ലം, തൃശൂർ, കോട്ടയം, പാലക്കാട്, കണ്ണൂർ ഉൾപ്പെടെ കേരളത്തിലെ 14 ജില്ലകളിലെയും പ്രധാന കേന്ദ്രങ്ങളിലേക്ക് കൂടി നെറ്റ് വർക്ക് വിപുലീകരിച്ചു. ഈ മികച്ച തുടക്കത്തിന്റെ പിൻബലത്തിലാണ് ഇപ്പോൾ 33 നഗരങ്ങളിലേക്ക് കൂടി പുതുതായി 5ജി സേവനം ലഭ്യമാക്കുന്നത്.

തെക്കൻ കേരളത്തിൽ ആറ്റിങ്ങൽ, നെടുമങ്ങാട്, വർക്കല, കരുനാഗപ്പള്ളി, പരവൂർ (സൗത്ത്), തിരുവല്ല, ചങ്ങനാശ്ശേരി, ഏറ്റുമാനൂർ, ചെങ്ങന്നൂർ, ചേർത്തല, മവേലിക്കര എന്നിവിടങ്ങളിലും മധ്യ കേരളത്തിൽ മൂവാറ്റുപുഴ, പെരുമ്പാവൂർ, കോതമംഗലം, ചാലക്കുടി, ചാവക്കാട്, ഗുരുവായൂർ, ഇരിങ്ങാലക്കുട, കൊടുങ്ങല്ലൂർ, കുന്നംകുളം, വടക്കാഞ്ചേരി, ഒറ്റപ്പാലം, പട്ടാമ്പി, ഷൊർണൂർ എന്നീ നഗരങ്ങളിലും വടക്കൻ കേരളത്തിൽ നിലമ്പൂർ, പരപ്പനങ്ങാടി, പെരിന്തൽമണ്ണ, പൊന്നാനി, ഫറോക്ക്, മുക്കം, രാമനാട്ടുകര, തലശ്ശേരി, കൊാട്ടി എന്നീ നഗരങ്ങളിലേക്കുമാണ് പുതുതായി വി 5ജി സേവനങ്ങൾ വ്യാപിപ്പിക്കുന്നതെന്ന് വോഡഫോൺ ഐഡിയ കേരള ബിസിനസ് ഹെഡ് ജോർജ്ജ് മാത്യു വി. പറഞ്ഞു.

# ടിസിഐക്ക് 2026 സാമ്പത്തിക വർഷത്തിൽ ശക്തമായ വളർച്ച

**കൊച്ചി:** രാജ്യത്തെ പ്രമുഖ ഇന്റഗ്രേറ്റഡ് മൾട്ടിമോഡൽ ലോജിസ്റ്റിക്സ്, സപ്ലൈ ചെയിൻ സൊല്യൂഷൻസ് കമ്പനിയായ ട്രാൻസ്പോർട്ട് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് (ടിസിഐ), 2026 മാർച്ച് 31 ന് അവസാനിച്ച നാലാം പാദത്തിന്റെയും മുഴുവൻ സാമ്പത്തിക വർഷത്തിന്റെയും സാമ്പത്തിക ഫലങ്ങൾ പ്രഖ്യാപിച്ചു. സ്ഥിരതയാർന്ന പ്രവർത്തനവും വിവിധ മേഖലകളിലേക്കുള്ള വ്യാപനവും കമ്പനിക്ക് മികച്ച വളർച്ച നേടിക്കൊടുത്തതായി റിപ്പോർട്ട് വ്യക്തമാക്കുന്നു. 2026 സാമ്പത്തിക വർഷത്തിലെ നാലാം പാദത്തിൽ, കഴിഞ്ഞ വർഷം ഇതേ കാലയളവിലെ 1,197 കോടി രൂപയുമായി താരതമ്യം ചെയ്യുമ്പോൾ 11.6 ശതമാനം വളർച്ചയോടെ 1,336 കോടി രൂപയുടെ സംയോജിത വരുമാനമാണ് ടിസിഐ രേഖപ്പെടുത്തിയത്. പലിശ, നികുതി, ഡിപ്രിസിയേഷൻ, അമോർട്ടൈസേഷൻ എന്നിവയ്ക്ക് മുൻപുള്ള വരുമാനമായ ഇബിഐടിഡിഎ 162 കോടി രൂപയിൽ നിന്ന് 7.4 ശതമാനം വർധിച്ച് 174 കോടി രൂപയായി. നികുതിക്ക് ശേഷമുള്ള ലാഭം (പിഎടി) 115 കോടി രൂപയിൽ നിന്ന് 8.7 ശതമാനം വർധിച്ച് 125 കോടി രൂപയായി. മാറിക്കൊണ്ടിരിക്കുന്ന ബിസിനസ് സാഹചര്യങ്ങളിലും സ്ഥിരതയാർന്ന പ്രവർത്തനമാണ് ടിസിഐ തുടരുന്നതെന്നും വൈവിധ്യമാർന്ന സേവനങ്ങളും മൾട്ടിമോഡൽ കഴിവുകളും ഉപഭോക്തൃ കേന്ദ്രീകൃത സമീപനവും കമ്പനിയുടെ വളർച്ചയ്ക്ക് കരുത്തായതായും ടിസിഐ മാനേജിംഗ് ഡയറക്ടർ വിനീത് അഗർവാൾ പറഞ്ഞു. എഫ്എംസിജി, കൺസ്യൂമർ ഡ്യൂറബിൾസ്, പുനരുപയോഗ ഊർജം, ഇകൊമേഴ്സ്, ക്വിക്ക് കൊമേഴ്സ് തുടങ്ങിയ മേഖലകളിൽ നിന്നുള്ള ആവശ്യകത വർധിച്ചതോടെ 3പിഎൽ, കോൾഡ് ചെയിൻ, വെയർഹൗസിംഗ് സേവനങ്ങൾക്കും മികച്ച സ്വീകാര്യത ലഭിച്ചതായും അദ്ദേഹം പറഞ്ഞു.

## ഡിവിഡന്റ് ലീഡേഴ്സ് ഇൻഡകസ് പെൻഷൻ പദ്ധതി

**കൊച്ചി:** ഡിവിഡന്റ് നൽകുന്നതിൽ ഇന്ത്യയിലെ മുൻനിരക്കാരായ കമ്പനികളിലൂടെ ദീർഘകാല റിട്ടയർമെന്റ് സമ്പാദ്യം കെട്ടിപ്പടുക്കാൻ ഉപഭോക്താക്കളെ സഹായിക്കുന്ന ടാറ്റ എഐഎ ഡിവിഡന്റ് ലീഡേഴ്സ് ഇൻഡക്സ് പെൻഷൻ പദ്ധതിക്ക് ടാറ്റ എഐഎ ലൈഫ് ഇൻഷുറൻസ് തുടക്കം കുറിച്ചു. ഇതിന്റെ ന്യൂ ഫണ്ട് ഓഫർ മെയ് 27 വരെയായിരിക്കും നിലവിലുണ്ടാകുക. പത്തു രൂപയായിരിക്കും ഈ കാലയളവിലെ എൻഎവി. വിപണി അധിഷ്ഠിത നിക്ഷേപങ്ങളിലൂടെയുള്ള വളർച്ചയും ലൈഫ് ഇൻഷൂറൻസിന്റെ പരിരക്ഷയും സംയോജിപ്പിച്ചു കൊണ്ടുള്ള ഈ പദ്ധതി അച്ചടക്കത്തോടു കൂടിയ റിട്ടയർമെന്റ് പ്ലാനിങ്ങിനാണ് ഉപഭോക്താക്കൾക്ക് അവസരമൊരുക്കുന്നതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. വിവിധ വിപണി ഘട്ടങ്ങളിലൂടെ കടന്നു പോകുകയും ഓഹരി ഉടമകൾക്ക് ഏറ്റവും സുസ്ഥിരമായ രീതിയിൽ ലാഭവിഹിതം നൽകുകയും ചെയ്യുന്ന രാജ്യത്തെ ഏറ്റവും മികച്ച 50 കമ്പനികളിലായിരിക്കും പദ്ധതിയുടെ നിക്ഷേപം. ബിഎസ്ഇ 500 ഡിവിഡന്റ് ലീഡേഴ്സ് 50 സൂചികയെ പിന്തുടരുന്ന പാസീവ് നിക്ഷേപ രീതിയാവും പദ്ധതിയുടേത്.

പദ്ധതിയുടെ നിക്ഷേപത്തിൽ 70 മുതൽ 100 ശതമാനം വരെ ഓഹരി വിഭാഗത്തിൽ നിക്ഷേപിച്ച് രാജ്യത്തിന്റെ വളർച്ചാ മുന്നേറ്റത്തിൽ അർത്ഥവത്തായ പങ്കാളികളാവും. പരമാവധി 30 ശതമാനം വരെയായിരിക്കും കാഷ്, മണി മാർക്കറ്റ് വിഭാഗങ്ങളിൽ നിക്ഷേപിക്കുകയെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

## മണപ്പുറം ബിസിനസ് കോൺക്ലേവ് നടന്നു

**കൊച്ചി:** ബിസിനസ് രംഗത്തെ പ്രമുഖരേയും വനിതാ സംരംഭകരേയും ഉൾപ്പെടുത്തി മണപ്പുറം യുണീക് ടൈംസ് ബിസിനസ് കോൺക്ലേവ് 2026 ഉം എഫ് ഐ സി എഫ് ഷീ വാക്സ് ഫോർ കോസ് സംഗമവും ലെ മെറിഡിയൻ ഐ.എൻ.എം.ഇ.സി.സി ചെയർമാൻ ഡോ. എൻഎം ഷറഫുദ്ദീൻ, ബിസിനസിന്റേയും വ്യവസായങ്ങളുടേയും ഭാവി നിർണയിക്കുന്നതിൽ എഐ സാങ്കേതിക വിദ്യയ്ക്കുള്ള പങ്ക് വിശദീകരിച്ചു. പ്രതിദിന ബിസിനസ് തീരുമാനങ്ങളെ എഐ സ്വാധീനിക്കുന്നതെങ്ങനെ എന്ന വിഷയത്തിൽ ഏണസ്റ്റ് ആന്റ് യംഗ് എൽഎൽപി പാട്ണർ ഡോ രാജേഷ് നായരുടെ നേതൃത്വത്തിൽ പാനൽ ചർച്ച നടന്നു. മിസ് ക്വീൻ കേരള 2024, മിസ് സൗത്ത് ഇന്ത്യ 2024 പട്ടങ്ങൾ നേടിയ സിന്റ പടമാടൻ, മിസ് സൗത്ത് ഇന്ത്യ 2018, മിസ് ക്യൂൻ ഓഫ് ഇന്ത്യ 2018 പട്ടങ്ങൾ നേടിയ ലക്ഷ്മി മേനോൻ, മിസ് ഇന്ത്യ ഗ്ലാം വേൾ 2026 പൗർണ്ണമി മുരളി, മിസ് സൗത്തിന്ത്യ 2019 നികിത തോമസ്, മിസ ക്യൂൻ കേരള 2025, ഫസ്റ്റ് റണ്ണറപ്പ മിസ് ഇന്ത്യ ഗ്ലാം വേള്ഡ് 2026 സെക്കന്റ് റണ്ണറപ്പ് പദവികൾ നേടിയ സൗമ്യ എസ് തോമസ് എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

## ബിസിനസ് നവീകരണത്തിൽ ഇന്റലിജന്റ് ഓട്ടോമേഷൻ നിർണായകം; ഐ എസ് ആർ എ കോഡിംഗ് വർക്ക്ഷോപ്പ്

**കൊച്ചി:** ഇൻഫോപാർക്കിലുള്ള ടെക് ടാലിയ ഇൻഫോർമാറ്റിക്സ് പ്രൈവറ്റ് ലിമിറ്റഡിൽ വെച്ച് ഇൻഫോർമേഷൻ സെക്യൂരിറ്റി റിസർച്ച് അസോസിയേഷൻ കേരള ചാപ്റ്ററിന്റെ നേതൃത്വത്തിൽ വൈബ് കോഡിംഗ് വർക്ക്ഷോപ്പ് നടന്നു. നൈബർ പ്രൈവറ്റ് ലിമിറ്റഡ് സ്ഥാപകനും ഓട്ടോമേഷൻ സ്ട്രാറ്റജിസ്റ്റുമായ കിഷോർ പോൾ വർക്ക്ഷോപ്പ് നയിച്ചു. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അധിഷ്ഠിത വികസനത്തെക്കുറിച്ചും ഓട്ടോമേഷനിലെ നൂതനമായ സാധ്യതകളെക്കുറിച്ചും അദ്ദേഹം സംസാരിച്ചു. പതിനെട്ടിലധികം വർഷത്തെ പ്രവർത്തന പരിചയമുള്ള കിഷോർ പോൾ വൈബ് കോഡിംഗിന്റെ യഥാർത്ഥ ലോകത്തിലെ പ്രയോഗങ്ങളും വേഗത്തിലുള്ള പ്രോട്ടോടൈപ്പിംഗും സംബന്ധിച്ച കാഴ്ചപ്പാടുകൾ അവതരിപ്പിച്ചു. കൊച്ചിൻ ലിറ്റററി, സയന്റിഫിക് ആൻഡ് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് (1955ലെ ആക്ട് 12) പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സംഘടനയാണ് ഇൻഫർമേഷൻ സെക്യൂരിറ്റി റിസർച്ച് അസോസിയേഷൻ. പൂർണ്ണമായും സന്നദ്ധപ്രവർത്തകർ വഴിയാണ് ഐ.എസ്.ആർ.എ പ്രവർത്തിക്കുന്നത്. സൈബർ സുരക്ഷാ ഗവേഷണങ്ങളും അവബോധവും പ്രോത്സാഹിപ്പിക്കുന്നതിനായി എല്ലാ മാസവും സൗജന്യമായി വർക്ക് ഷോപ്പുകളും കൂട്ടായ്മകളും സംഘടിപ്പിച്ചു വരുന്നു.

## ഇസാഫ് ബാങ്കും കിലയും ധാരണയിൽ

**കൊച്ചി:** സംസ്ഥാനത്തെ നഗര, ഗ്രാമീണ മേഖലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് പ്രാദേശിക തലത്തിൽ സുസ്ഥിര വികസനം ഉറപ്പാക്കുന്നതിന് ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്കും കേരള ഇൻസ്റ്റിറ്റിയുട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനും (കില) തമ്മിൽ ധാരണയായി. തദ്ദേശ സ്വയംഭരണ മേഖലയിലുള്ള കിലയുടെ വൈദഗ്ധ്യവും ഇസാഫ് ബാങ്കിന്റെ വിപുലമായ സാമ്പത്തിക ഉൾപ്പെടുത്തൽ ശേഷിയും സംയോജിപ്പിച്ച് സംസ്ഥാനത്തുടനീളം നടപ്പാക്കാൻ സാധിക്കുന്ന കമ്മ്യൂണിറ്റി അധിഷ്ഠിത വികസന മാതൃക സൃഷ്ടിക്കുകയാണ് പരസ്പര സഹകരണത്തിലൂടെ ലക്ഷ്യമിടുന്നത്. കൂടാതെ, പ്രദേശവാസികളിൽ സാമ്പത്തിക ഉൾപ്പെടുത്തൽ, സാക്ഷരത, സമ്പാദ്യശീലം എന്നിവ വർധിപ്പിക്കുന്നതിന് ആവശ്യമായ പ്രോഗ്രാമുകളും സംഘടിപ്പിക്കും. പ്രാദേശിക വികസനം ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾ മറ്റു സംസ്ഥാനങ്ങളിലേക്കും വ്യാപിപ്പിക്കാൻ പദ്ധതിയുണ്ട്. ഇതുസംബന്ധിച്ച ധാരണാപത്രത്തിൽ ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക് എംഡിയും സിഇഒയുമായ ഡോ. കെ പോൾ തോമസ്, കില ഡയറക്ടർ ജനറൽ എ നിസാമുദ്ദീൻ ഐഎഎസ് എന്നിവർ ഒപ്പുവെച്ചു. ചടങ്ങിൽ കില അർബൻ ചെയർ പ്രൊഫസർ ഡോ. അജിത്ത് കളിയത്ത്, ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക് സസ്റ്റൈനബിൾ ബാങ്കിംഗ് മേധാവി സന്ധ്യ സുരേഷ് എന്നിവർ പങ്കെടുത്തു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# മിസ്സ് യൂണിവേഴ്സ് കേരള കിരീടം കെസിയയ്ക്ക്




**കൊച്ചി:** മിസ് യൂണിവേഴ്സ് കേരള 2026 കിരീടം മാവേലിക്കര സ്വദേശി കെസിയ ലിസ് മെജോ സ്വന്തമാക്കി. ദേശീയ തലത്തിൽ നടക്കുന്ന മിസ് യൂണിവേഴ്സ് ഇന്ത്യ സൗന്ദര്യമത്സരത്തിൽ കേരളത്തിന്റെ ഔദ്യോഗിക പ്രതിനിധിയായി കെസിയ പങ്കെടുക്കും. ഗ്ലാമാനന്ദ് എന്റർടൈൻമെന്റ് പ്രൈവറ്റ് ലിമിറ്റഡ് ആണ് മിസ് യൂണിവേഴ്സ് ഇന്ത്യ മത്സരം സംഘടിപ്പിക്കുന്നത്. മാവേലിക്കര സ്വദേശികളായ മെജോ എബ്രഹാമിന്റെയും സുജ മെജോയുടെയും മകളാണ് 19കാരിയായ കെസിയ. നിലവിൽ ബെംഗളൂരുവിൽ നിയമപഠനം നടത്തുന്ന കെസിയ ഇപ്പോൾ കൊച്ചിയിലാണ് താമസിക്കുന്നത്. 2024ൽ മിസ് ടീൻ ഇന്ത്യ പട്ടം കരസ്ഥമാക്കിയിട്ടുള്ള കെസിയ, ലോകത്തിലെ ഏറ്റവും വലിയ കൗമാര സൗന്ദര്യമത്സരത്തിൽ ഇന്ത്യയെ പ്രതിനിധീകരിച്ചിട്ടുണ്ട്. മത്സരത്തിൽ തൃശൂർ സ്വദേശി മാളവിക രാജേന്ദ്രൻ ദേവ് ഫസ്റ്റ് റണ്ണറപ്പായി. രാജേന്ദ്രൻ കെ.എസ് പ്രിയ പി.കെ എന്നിവരുടെ മകളാണ് മാളവിക. കോട്ടയം സ്വദേശി ലിസ് ജെയ്മോൻ ജേക്കബ് ആണ് സെക്കൻഡ് റണ്ണറപ്പ്. ക്വീൻ ഫ്രെയിം സ്റ്റുഡിയോസ് സംഘടിപ്പിച്ച പരിപാടിയുടെ ടൈറ്റിൽ സ്പോൺസർ ബീനാ കണ്ണൻ കൊറ്റിയൂറും, പവർഡ് ബൈ പാർട്ണർ ഫ്രാൻസിസ് ആലുക്കാസുമാണ്. മിസ് യൂണിവേഴ്സ് ഇന്ത്യ ചെയർമാൻ നിഖിൽ ആനന്ദ്, ഫ്രാഞ്ചയ്സ് ഓപ്പറേഷൻസ് ഡയറക്ടർ അംജാദ് ഖാൻ, മിസ് യൂണിവേഴ്സ് ഇന്ത്യ 2025 വിജയി മണിക വിശ്വകർമ്മ, മുൻ മിസ് യൂണിവേഴ്സ് കേരള ഐശ്വര്യ ശ്രീനിവാസൻ, മിസ് യൂണിവേഴ്സ് ഇന്ത്യ 2024 വിജയി റിയ സിംഗ, നാഷണൽ അവാർഡ് ജേതാവും സിനിമ താരവുമായ അപർണ ബാലമുരളി എന്നിവരടങ്ങുന്ന പാനലാണ് വിജയികളെ തിരഞ്ഞെടുത്തത്. അർച്ചന രവിയാണ് മിസ് യൂണിവേഴ്സ് കേരളയുടെ ഡയറക്ടർ. ഖജാ റാവുത്തർ ആണ് പരിപാടിയുടെ ഔദ്യോഗിക സ്റ്റൈലിസ്റ്റ്. കൊറിയോഗ്രാഫർ ഷാം ഖാൻ ഷോ ഡയറക്ടറും കൊറിയോഗ്രാഫറുമായി പ്രവർത്തിച്ചു.

# മിൻത്രയുടെ എൻഡ് ഓഫ് റീസൺ സെയിൽ നാളെ മുതൽ

**കൊച്ചി:** മിൻത്രയുടെ 24ാമത് എൻഡ് ഓഫ് റീസൺ സെയിൽ നാളെ മുതൽ ആരംഭിക്കും. വിഐപി പ്രവേശനം ഇന്ന് മുതൽ ലഭ്യമാകും. ഫാഷൻ, സൗന്ദര്യ വർധക വസ്തുക്കൾ, ഗൃഹോപകരണങ്ങൾ, കായികോപകരണങ്ങൾ, ചെരുപ്പുകൾ, അനുബന്ധ ഉൽപ്പന്നങ്ങൾ തുടങ്ങി 60 ലക്ഷത്തിലധികം ശൈലികളാണ് മേളയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് കമ്പനി അധികൃതർ അറിയിച്ചു. 15,000 ഉയർന്നുവരുന്ന ബ്രാൻഡുകൾ പങ്കെടുക്കുന്ന മേളയിൽ 5,000 ബ്രാൻഡുകൾ ആദ്യമായാണ് എത്തുന്നത്. രാജ്യത്തെ വിവിധ ഭാഗങ്ങളിലുള്ള ഉപഭോക്താക്കൾക്കായി പ്രത്യേക വിലക്കിഴിവുകളും ബാങ്ക് ഓഫറുകളും ഒരുക്കിയിട്ടുണ്ട്. 11 നഗരങ്ങളിൽ 30 മിനിറ്റിനുള്ളിൽ സാധനങ്ങൾ എത്തിക്കുന്ന അതിവേഗ വിതരണ സേവനവും മിൻത്ര ഒരുക്കിയിട്ടുണ്ട്.

# ഒപ്പോ പുതിയ ഫൈൻഡ് എക്സ് 9 സീരീസ് അവതരിപ്പിച്ചു



**കൊച്ചി:** അത്യാധുനിക ഇമേജിംഗ് സാങ്കേതികവിദ്യയും എഐ അനുഭവങ്ങളും ഉൾക്കൊള്ളുന്ന ഫൈൻഡ് എക്സ്9 എസ്, ഫൈൻഡ് എക്സ്9 അൾട്ര പ്രീമിയം സ്മാർട്ട്ഫോൺ സീരീസ് ഒപ്പോ ഇന്ത്യ അവതരിപ്പിച്ചു. മികച്ച ഫോട്ടോഗ്രഫിക്കും കണ്ടന്റ് ക്രിയേറ്റർമാർക്കുമായി രൂപകൽപ്പന ചെയ്ത ഫോണുകളിൽ ഹാസൽബ്ലാഡ് ക്യാമറ സംവിധാനവും കളർ ഒഎസ് 16 അധിഷ്ഠിത എഐ സവിശേഷതകളും ഉൾപ്പെടുത്തിയിട്ടുണ്ട്. ഫൈൻഡ് എക്സ്9 എസ് കൂടുതൽ മെലിഞ്ഞതും ഭാരം കുറഞ്ഞതുമായ ഡിസൈനിലും ഉയർന്ന നിലവാരത്തിലുള്ള പ്രകടനമാണ് നൽകുന്നതെന്ന് കമ്പനി കമ്മ്യൂണിക്കേഷൻസ് മേധാവി ഗോൾഡി പട്നായിക് പറഞ്ഞു. ഫൈൻഡ് എക്സ്9 എസ് സൺസെറ്റ് ഓറഞ്ച്, ലാവെൻഡർ സ്കൈ, മിഡ്നൈറ്റ് ഗ്രേ നിറങ്ങളിലും ഫൈൻഡ് എക്സ്9 അൾട്ര ട്രു അമ്പർ, കാന്യോൺ ഓറഞ്ച് നിറങ്ങളിലും ലഭ്യമാകും. മെയ് 28 മുതൽ ഒപ്പോ ഇസ്റ്റോർ, ഫൽപ്കാർട്ട്, ആമസോൺ, റീട്ടെയിൽ സ്റ്റോറുകൾ എന്നിവ വഴി വിൽപ്പന ആരംഭിക്കും. ആദ്യ വിൽപ്പനയിൽ ഇൻസ്റ്റന്റ് ക്യാഷ്ബാക്ക്, പലിശ രഹിത ഇഎംഐ, എക്സ്ചേഞ്ച് ബോണസ്, സൗജന്യ ഗിഫ്റ്റ് ബോക്സ് തുടങ്ങിയ ഓഫറുകളും പ്രഖ്യാപിച്ചിട്ടുണ്ട്. ഫൈൻഡ് എക്സ്9 എസ് മോഡലുകളുടെ വില 79,999 രൂപ മുതൽ ആരംഭിക്കുമ്പോൾ ഫൈൻഡ് എക്സ്9 അൾട്രയ്ക്ക് 1, 69,999 രൂപയാണ് വില.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com
Better Homes, Better Lives !




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007
15 YEAR GUARANTEE
100% GUARANTEED
ISO 9001 CERTIFIED
LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER
HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62
SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19
SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+91 9288022663